2017
സെപ്റ്റംബർ 25
വാല്യം 10
ലക്കം 18

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ഐപിസി രാഷ്ട്രീയത്തിൽ പുതിയ ബാന്ധവങ്ങൾ

## രാഷ്ട്രീയ കളികൾ മുറുകുന്നു


വത്സൻ ഏബ്രഹാം


ഫിലിപ്പ് പി. തോമസ്


കെ. സി. ജോൺ


ഷിബു നെടുവേലിൽ


കെ. സി. തോമസ്

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ വിഭാഗീയരാഷ്ട്രീയം പുതിയ മാനത്തിലേക്ക് കഴിഞ്ഞ ജനറൽ - സ്റ്റേറ്റ് തെരഞ്ഞെടുപ്പുകളിൽ സഭയിലെ യുവജനപ്രസ്ഥാനത്തിന്റെ പിന്തുണയോടെ, വത്സൻ ഏബ്രഹാമും ഫിലിപ്പ് പി. തോമസും നയിച്ച യാഥാസ്ഥിതിക പക്ഷത്തെ അട്ടിമറിച്ച് കെ. സി. ജോൺ - ഷിബു നെടുവേലിൽ വിഭാഗങ്ങൾ നേടിയ മിന്നുംവിജയം ഏവരെയും ഞെട്ടിച്ചിരുന്നു.

തോൽവിയോടെ യഥാസ്ഥിതിക പക്ഷം കൂടുതൽ ദുർബലമാകുകയും ഒരു മടങ്ങിവരവിന് അവസരമില്ലാത്തവിധം നിരാശയിലാകുകയും ചെയ്തെങ്കിലും ഇപ്പോൾ അവർ പ്രതീക്ഷയിലാണ്. പരിഷ്കൃത ചേരിയെ നയിച്ച കെ. സി. ജോൺ, വത്സൻ ഏബ്രഹാമുമായി അടുക്കുന്നതായാണ് സൂചനകൾ. ഇതിലേക്ക് ഫിലിപ്പി പി.തോമസും യോജിക്കാനുള്ള സാധ്യതയാണ് ഇപ്പോൾ കണ്ടുവരുന്നത്. നിലവിലുള്ള പ്രസിഡന്റ് ജേക്കബ് ജോൺ ഒട്ടേറെ ജനപ്രിയ പരിപാടികളിലൂടെ സ്വന്തസ്വാധീനമണ്ഡലം വിശാലമാക്കാനുള്ള ശ്രമത്തിലാണ്. എന്നാൽ ജേക്കബ് ജോണിന്റെ പ്രവർത്തനശൈലി ഏകപക്ഷീയവും നിലവാരം കുറഞ്ഞതുമാണെന്ന പ്രചാരണം അനുകൂലമാക്കി മുന്നോട്ട് പോകാനാണ് കെ. സി. കരുക്കൾ നീക്കുന്നതത്രെ. സ്റ്റേറ്റ് പ്രസിഡന്റ് കെ. സി. തോമസ് ജനറലിലേക്ക് മാറുവാനാണ് ഇനി സാധ്യതയുള്ളത്. ഈ ഘട്ടത്തിൽ കെ. സി. ജോൺ സ്റ്റേറ്റ് പ്രസിഡന്റായി വരാൻ കഴിയുമെന്ന പ്രചരണം നിലവിലുണ്ടെങ്കിലും അത് ബോധപൂർവ്വം സൃഷ്ടിക്കുന്ന പുകമറ മാത്രമായി മറുപക്ഷം വിലയിരുത്തുന്നു. കെ.സി. പ്രസിഡന്റായും വത്സൻ ഏബ്രഹാം സെക്രട്ടറിയായും അതല്ലെങ്കിൽ മറിച്ചോ ജനറലിൽ വരാനുള്ള സാധ്യതയാണ് നിലവിലുള്ളത്.

സ്റ്റേറ്റ് രാഷ്ട്രീയത്തിൽ ഷിബു നെടുവേലിയുടെ ഏകപക്ഷീയമായ തീരുമാനങ്ങളാണ് ഇപ്പോൾ അടിച്ചേൽപ്പിക്കപ്പെടുന്നത് എന്നത്രെ പൊതുവികാരം. പാരമ്പര്യ ചേരിയിലും പരിഷ്കൃത ചേരിയിലും മാറിമാറി നിന്ന് സ്ഥാനമുറപ്പിച്ച നെടുവേലി സഹയാത്രികരുമായിട്ടൊക്കെ പഴയ ബന്ധമില്ല. ഇതിനിടയിൽ നെടുവേലി ഫിലിപ്പ് പി.യുമായി അടുക്കുന്നു എന്നതും കൗതുകം നിറഞ്ഞ കാഴ്ചയാകുന്നു. ഐപിസിയുടെ സംസ്ഥാന ഘടകത്തിൽ നിന്ന് കെ.സി. തോമസ് ജനറലിലേക്ക് മാറുമ്പോൾ ഇപ്പോഴത്തെ സ്ഥിതി അത്ര സുഗമമല്ല. കെ.സി.ജോൺ, കെ. സി. തോമസ്, ഫിലിപ്പ് പി.തോമസ് ഇവരിൽ ആരെങ്കിലും ഒരാൾ സ്റ്റേറ്റിൽ നിർണ്ണായകസ്ഥാനത്ത് എത്തുന്നില്ലായെങ്കിൽ സ്റ്റേറ്റ് ഭരണത്തിന്റെ ഘനഗാംഭീര്യത നഷ്ടപ്പെടും.

കെ.സി-വത്സൻ പക്ഷം എന്ന ഒന്ന് രൂപപ്പെട്ടാൽ മറുവശത്ത് ജേക്കബ് ജോൺ പക്ഷം വെറുതെ ഇരിക്കില്ല. പക്ഷെ ഉചിതരായ കാൻഡിഡേറ്റുകളെ കണ്ടെത്താൻ എളുപ്പമല്ല. പാസ്റ്റർ സാം ജോർജ്ജ്, പാസ്റ്റർ ബേബി വർഗീസ് തുടങ്ങിയവരുടെയൊക്കെ നിലപാടുകൾ നിർണ്ണായകമാകുന്നു.

## പാസ്റ്റർ ഈശോ ഫിലിപ്പ് നിത്യതയിൽ



**ഹൂസ്റ്റൺ:** പാസ്റ്റർ ഈശോ ഫിലിപ്പ് (72) കാനഡയിൽ നിര്യാതനായി. കോട്ടയം വടവാതൂർ ശാലോം കുടുംബാംഗമാണ്. ഐപിസിയുടെ ഏറ്റവും ശക്തനായ പ്രഭാഷകനായിരുന്ന പാസ്റ്റർ പി. എം. ഫിലിപ്പിന്റെ മകനാണ് പാസ്റ്റർ ഈശോ ഫിലിപ്പ്. കുമ്പനാടിനടുത്തുള്ള പൂവത്തൂർ പൊടിമലയിൽ നിന്നും സുവിശേഷപ്രവർത്തനത്തിനായി കോട്ടയത്ത് കുടിയേറി പാർത്തവരായിരുന്നു പാസ്റ്റർ പി. എം. ഫിലിപ്പിന്റെ കുടുംബം.

ഉത്തര അമേരിക്കയിലെ മലയാളി പെന്തെക്കോസ്തരുടെ ഐക്യവേദിയായ പി.സി.എൻ. എ.കെ.യുടെ 10-ാമത്തെയും 30-ാമത്തെയും കോൺഫറൻസുകളുടെ കൺവീനറായിരുന്നു. ശാലേം ബൈബിൾ കോളേജിന്റെ പ്രിൻസിപ്പാൾ ആയിരുന്ന പാസ്റ്റർ ഈശോ ഫിലിപ്പ് കാനഡയിൽ അനേകം സഭകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്കാരം ശുശ്രൂഷ സെപ്റ്റംബർ 16 ശനിയാഴ്ച ടൊറാന്റോയിൽ നടന്നു. ഭാര്യ ഏലിക്കുട്ടി ഫിലിപ്പ് (നിരണം). മക്കൾ: എലിസബത്ത്, വെസ്ലി ഫിലിപ്പ്, പാസ്റ്റർ ജോഷ് ഫില്പ്പ്, ഡോ. ജോയ്സ് ശാമുവേൽ. സഹോദരങ്ങൾ: മാത്യു ഫിന്നി (കോട്ടയം), ഗ്ലോറി ഫിലിപ്പോസ് (ഒന്റേറിയോ).

## സുവിശേഷകനും യുവപ്രഭാഷകനുമായിരുന്ന നബീൽ ഖുറേഷി നിത്യതയിൽ


നബീൽ ഖുറേഷി

**ഹൂസ്റ്റൺ:** സുവിശേഷകനും യുവ പ്രഭാഷകനുമായ നബീൽ ഖുറേഷി (34) സെപ്റ്റംബർ 16ന് പുഞ്ചിരിച്ചുകൊണ്ട് നിത്യതയിൽ പ്രവേശിച്ചു.

പാകിസ്ഥാനിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിപ്പാർത്ത മുസ്ളീം കുടുംബത്തിൽ അമേരിക്കൻ പൗരനായി 1983 ഏപ്രിൽ 13ന് കാലിഫോർണിയായിൽ ജനിച്ചു. തന്റെ കോളേജ് പഠനകാലത്ത് അനേകം ക്രിസ്തീയ- ഇസ്ളാം സംവാദങ്ങൾ നടത്തിയിട്ടുണ്ട്. വർഷങ്ങളോളം നീണ്ടു നിന്ന സംവാദത്തിനൊടുവിൽ അദ്ദേഹം ക്രിസ്ത്യാനിയായി മാത്രമല്ല, ഒരു നല്ല ദൈവ പൈതലുമായി മാറി. അനേക പെന്തക്കോസ്ത് കോൺഫറൻസുകളിലും സഭകളിലും ദൈവവചന ശുശ്രൂഷകനായി വേദികൾ പങ്കിട്ടിട്ടുണ്ട്.

രവി സെഖറിയാസ് ഇന്റർനാഷണൽ മിനിസ്ട്രീസിലെ മുഖ്യ പ്രഭാഷകനായിരുന്ന അദ്ദേഹം നിരവധി പുസ്തകങ്ങളുടെ രചയിതാവും കൂടിയാണ്. അദ്ദേഹത്തിന്റെ അനേകം പുസ്തകങ്ങളിൽ Seeking Allah, Finding Jesus. എന്ന പുസ്തകത്തിന് New York Times bestseller അവാർഡും കിട്ടിയിട്ടുണ്ട്.

Seeking Allah, Finding Jesus was awarded the Christian Book Award for the categories of both "Best New Author" and "Best Non-Fiction" of 2015 - the first time in award history

കഴിഞ്ഞ ആഴ്ച ഇദ്ദേഹം തന്റെ ആരോഗ്യനില വഷളായി കൊണ്ടിരിക്കുന്നതായി വീഡിയോ ബ്ലോഗിൽ കൂടി പ്രാർത്ഥനാ സഹകാരികളുമായി പങ്കുവെച്ചു. കീമോതെറാപ്പിയോട് തന്റെ ശരീരം പ്രതികരിക്കാത്തതിനാൽ ഡോക്ടർമാർ തുടർ ചികിത്സകളെല്ലാം നിർത്തിവെച്ചിരിക്കുകയാണെന്നും, ഇനി സ്വാന്തനചികിത്സ തേടുവാൻ ഭവനത്തിലേക്ക് അയച്ചിരിക്കുകയാണെന്നും തന്റെ വീഡിയോ സന്ദേശത്തിൽ ഇദ്ദേഹം അറിയിച്ചു. 2016 ആഗസ്റ്റിൽ ആണു താൻ ഉദരസംബന്ധമായ ക്യാൻസർ ബാധിതനായി എന്ന വാർത്ത പുറത്തുവന്നത്. ന്യൂയോർ

04

## സാക്ഷി



ഐപിസിയിൽ ചേരിതിരിവും പോരും മൂർച്ഛിക്കുന്നു. ഇതെന്തുകാലം

*തെരഞ്ഞെടുപ്പ് അടുക്കുംകാലം*

## ഓർത്തഡോക്സ് സഭ റഷ്യയിൽ പിടിമുറുക്കുന്നു




പ്രകാശ് പി. കോശി

റഷ്യയിൽ വർദ്ധിച്ചു വരുന്ന ന്യൂനപക്ഷ പീഡനത്തിനും സുവിശേഷ വിഹിത സഭകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും പിന്നിൽ റഷ്യൻ ഓർത്തഡോക്സ് സഭയുടെ വർദ്ധിച്ചുവരുന്ന സ്വാധീനമാണെന്ന് പറയപ്പെടുന്നു.

മിഷനറി പ്രവർത്തനങ്ങൾ തടയുക, പരസ്യയോഗങ്ങൾ, വീടുകളിലെ പ്രാർത്ഥനകൾ തുടങ്ങിയവ നിയമപരമായി നിരോധിക്കുക തുടങ്ങിയവയിലൂടെ പെന്തെക്കോസ്തു ഉൾപ്പെടെയുള്ള ക്രിസ്തീയ വിഭാഗങ്ങളുടെ വളർച്ച തടയാനാണ് ഓർത്തഡോക്സ് സഭയുടെ ശ്രമം.

കമ്മ്യൂണിസത്തിന്റെ തകർച്ചയ്ക്ക് ശേഷം ഓർത്തഡോക്സ് സഭയ്ക്ക് റഷ്യയിൽ അഭൂതപൂർവ്വമായ വളർച്ചയായിരുന്നു. 1991-ൽ കേവലം 37% ത്തിൽ നിന്ന് 2015 ആയപ്പോഴേക്കും 70% ജനങ്ങളും ഓർത്തഡോക്സ് സഭയുടെ അംഗങ്ങളായി.

മതേതരത്വത്തിന് പ്രാധാന്യം കൊടുക്കുന്ന ഒരു ഭരണഘടനയാണ് റഷ്യയ്ക്ക് ഉള്ളതെങ്കിലും കാലാകാലങ്ങളായി റഷ്യയിലെ ജനപ്രതിനിധികൾ ഭൂരിപക്ഷം വരുന്ന ഓർത്തഡോക്സ് വിഭാഗത്തെ സംരക്ഷിക്കാൻ ഉതകുന്ന നിയമങ്ങളും മാറ്റങ്ങളും

06

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ




# ചില മരണങ്ങൾ നമ്മെ ഓർപ്പിക്കുന്നത്



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ചില വേർപാടുകൾ നമ്മെ വളരെ ചിന്തിപ്പിക്കാറുണ്ട്. നബീൽ ഖുറേഷി എന്ന സുവിശേഷകന്റെ മരണം അത്തരത്തിലുള്ളതാണ്. എന്തുകൊണ്ട് എന്ന ചോദ്യത്തിന് ഇവിടെ ഉത്തരമില്ലായിരിക്കാം. എങ്കിലും അറിയാതെ ആ ചോദ്യം ഉയർന്നുകൊണ്ടേയിരിക്കും. മനുഷ്യ ജീവിതത്തിന്റെ നിസാരതയും ക്ഷണികതയും നാം തിരിച്ചറിയണം. ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രെ. ഇവിടെ പരസ്പരം പോരടിച്ചും വെല്ലുവിളിച്ചും ജീവിക്കുന്നതിൽ മടിയില്ലാതെ മുന്നേറുകയാണ് മനുഷ്യൻ. തങ്ങളുടെ കഴിവും സാമർത്ഥ്യവും തെളിയിക്കുവാനുള്ള ഓട്ടത്തിൽ ദൈവിക ബന്ധത്തെയും മാനുഷിക ബന്ധത്തെയും മറന്നു കളയുന്നു. വേർപെട്ടവർ എന്നഭിമാനിക്കുന്നവർപോലും ഇതിൽ നിന്നും വ്യത്യസ്തരല്ല. ക്ഷണികമായ ജീവിതയാത്രയെ മറന്ന് ഇവിടെ സ്ഥിരവാസികൾ എന്ന വ്യാമോഹത്തോടെ സിംഹാസനം പിടിച്ചടക്കാനും വെട്ടിപ്പിടിക്കാനും കാട്ടുന്ന വ്യഗ്രത കാണുമ്പോൾ ദുഃഖമാണ് തോന്നുന്നത്. അഹരോന്റെ മരണസമയം, മോശ ഉപയോഗിച്ചത് സ്വയം കാണുന്നതിനാണ്. ക്ഷണികമായ ജീവിതനാളുകളെ എണ്ണുവാനുള്ള വ്യഗ്രതയാണ് തന്നിൽ കാണുന്നത് ഈ മണ്ണ് വിട്ട് ഒരുനാൾ പോകേണ്ടവരാണെന്ന ബോധ്യം ഉണ്ടെങ്കിൽ എന്തിനാണ് പരസ്പരം തലതല്ലി ചാകുന്നത്.

ചർച്ച് ഓഫ് ഗോഡ് പൊതുവേ ശാന്തമാണിപ്പോൾ എന്നാൽ ഐപിസിയിൽ നടക്കുന്ന രാഷ്ട്രീയക്കളികൾ മര്യാദയുടെ എല്ലാ അതിർവരമ്പുകളും ലംഘിച്ചു മുന്നേറുന്നു. പരസ്പരം ചെളിവാരിയെറിയൽ, അസഭ്യവർഷം വ്യക്തിഹത്യ ഇതെല്ലാം സ്ഥിരസംഭവങ്ങളായിരിക്കുന്നു. ഒരു ചേരിയും നന്നല്ല എന്നതാണിപ്പോഴത്തെ അവസ്ഥ. ആത്മീയരാക്കാൻ ഇറങ്ങിയവരും ആത്മീയരെന്ന് സ്വയം പുകഴ്ത്തുന്നവരും ഒന്നിനൊന്ന് മെച്ചം എന്നല്ലാതെ എന്തുപറയാൻ. സ്ഥാനമാനങ്ങൾ ഉറപ്പിക്കുവാൻ ഒരു കൂട്ടർ, അത് നേടിയെടുക്കാൻ മറ്റൊരു കൂട്ടം. ആയുധങ്ങളാകട്ടെ എല്ലാം ചെകുത്താന്റേതും, ഇവരൊക്കെയാണ് സ്റ്റേജിൽ മിന്നുന്നവരും. ഈ പോരാട്ടത്തിനിടയിൽ അർമാനിയും അനിസനുമൊക്കെ വേദികൾ കൈയ്യടക്കുന്നു. കാലഘട്ടത്തിനനുസൃതമായി മാറ്റങ്ങൾ ഉൾക്കൊള്ളണം എന്നതിൽ സംശയം വേണ്ട. മാറ്റങ്ങൾ വ്യവസ്ഥാനുസരണം ആകണം. പിതാക്കന്മാരുടെ ത്യാഗപൂർണ്ണമായ ജീവിതവും പ്രവർത്തനവും തന്നെയാണ് പെന്തെക്കോസ്തിന്റെ വളർച്ചക്കു കാരണം വേർപാടെന്നത് അതിനു ബലം നൽകി.

പിതാക്കന്മാർ വില കൊടുത്തതിനെ നിസാരമായി കാണുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു എന്നത് ദു:ഖകരമായ വസ്തുതയാണ്. സഭ ലോകത്തിലേക്ക് ഇറങ്ങി ചെല്ലണം എന്നതുകൊണ്ട് ലോകം സഭയ്ക്കുള്ളിൽ കടക്കണം എന്നർത്ഥമില്ല. ലോകത്തിനു പിന്നാലെ ഓടുവാനല്ല ലോകത്തിനു ദിശാബോധം നൽകുവാനാണ് ശ്രമിക്കേണ്ടത്. ക്രിസ്തുവിനു പകരം സ്ഥാനാപതികൾ എന്ന പ്രയോഗം എത്ര അർത്ഥവത്താണ്. ഉപ്പിനെ പോലെയും വെളിച്ചം പോലെയും നമ്മുടെ ചുറ്റുപാടുകളെ സ്വാധീനിക്കുവാൻ കഴിയണം.എന്നാൽ സമുദായ സഭകളിൽ പോലും കാണാത്ത നിലയിൽ നിലവാരം കുറഞ്ഞ രാഷ്ട്രീയം നമ്മെ സമൂഹമദ്ധ്യേ അപഹാസ്യരാക്കി മാറ്റിയിരിക്കുന്നു. നമ്മൾ മാത്രം ഇതൊന്നും മനസിലാക്കുന്നുമില്ല.അർഹതയും കഴിവുമുള്ളവർ ഭരണതലത്തിലെത്തട്ടെ. സൊസൈറ്റി നിയമ പ്രകാരം രജിസ്റ്റർ ചെയ്തതിനാൽ തെരഞ്ഞെടുപ്പ് നടന്നേ പറ്റു. എന്നാൽ അതിന് മാന്യതയും മര്യാദയും ഉണ്ടാകണം. പണ്ട് ആരോ പറഞ്ഞത് എത്ര ശരിയെന്ന് ഇപ്പോൾ തോന്നുന്നു. തികഞ്ഞ ആത്മീയർ ആരും തന്നെ ഈ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കില്ല. മറ്റുള്ളവരെ അംഗീകരിച്ചും ബഹുമാനിച്ചും മാന്യതയോടെ മത്സരിച്ചാൽ അതിനൊരു ഭംഗിയുണ്ട്. എന്നാൽ ഐ.പി.സിയിൽ ഇന്നു നടക്കുന്നത് കാണുമ്പോൾ സാധാരണക്കാർ അന്തം വിട്ടു നിൽക്കുകയാണ്.

ക്ഷണികമായ ജീവിതത്തെക്കുറിച്ചു ചിന്തിക്കാത്തവർ, മരുഭൂമിക്കപ്പുറത്തെ വാഗ്ദത്ത നാടിനെക്കുറിച്ച് ദർശനം പ്രാപിക്കാത്തവർ ഇങ്ങനെ പ്രവർത്തിച്ചു കൊണ്ടേയിരിക്കും. സ്വയമായി ദർശനം പ്രാപിച്ചവനു മാത്രമേ തന്നെത്തന്നെയും മറ്റുള്ളവരെയും രക്ഷിക്കുവാൻ കഴിയുകയുള്ളു. ബില യാമിന് അതായിരുന്നു ഇല്ലാതിരുന്നത്.എന്നാൽ തന്റെ കഴുതയ്ക്കാദർശനം ഉണ്ടായിരുന്നതിനാൽ ദൈവത്തിന്റെ വാളിൽ നിന്ന് ബിലയാമിനെയും തന്നെത്തന്നെയും രക്ഷിക്കാൻ കഴിഞ്ഞു.ഉയരത്തിലെ ദർശനമാണിന്നിന്റെ ആവശ്യം

ചില മരണങ്ങൾ നമ്മെ ചിന്തിപ്പിക്കട്ടെ ക്ഷണഭംഗുരമായ ജീവിതത്തെ മനസിലാക്കുക. ഇവിടെ വിതയ്ക്കുന്നത്കൊയ്യുന്ന നാൾ വരുന്നു. ഭയത്തോടെ പ്രവാസകാലം കഴിക്കാം. നാഥൻ വരാറായി ഒരുങ്ങാം

# ദൈവവചനപഠനം എങ്ങനെ?



ബിനു ജോസഫ്
വടശ്ശേരിക്കര




ദൈവവചനം പഠിക്കുവാനായി വിവിധ രീതികൾ പ്രാബല്യത്തിലുണ്ട്. എന്നാൽ ഏതൊരു സാധാരണക്കാരനും ഇത് മനസ്സിലാക്കുവാനായി ചില കാര്യങ്ങൾ അറിയേണം. വിവിധ തരത്തിൽ ദൈവവചനത്തെ പഠിക്കാം. ഒരിക്കൽ ഒരു പൂന്തോട്ടത്തിലേക്ക് മൂന്ന് അതിഥികൾ എത്തി. അവയിൽ ഒന്ന് ഒരു ചിത്രശലഭം ആയിരുന്നു. അത് പൂക്കൾതോറും പറന്നുനടന്നു. രണ്ടാമതായി എത്തിയ ഗവേഷകൻ പൂക്കളെ കീറിമുറിച്ച് പഠനം നടത്തി. മൂന്നാമതായി എത്തിയ തേനീച്ച പൂവിന്റെ ഭംഗി ആസ്വദിക്കുകയല്ലായിരുന്നു. അത് പൂവിന്റെ ഉള്ളിലേക്കിറങ്ങി, അതിൽ നിന്ന് പൂപ്പൊടി ശേഖരിച്ച് പറന്നുയർന്നു.

ഇതുപോലെ ദൈവവചനത്തെ നമുക്ക് വെറുതെ വായിച്ച് വിടാം. അല്ലെങ്കിൽ വിമർശനാത്മകമായി കീറിമുറിച്ച് പഠിക്കാം. ഇത് തർക്കങ്ങൾക്കും വാദങ്ങൾക്കും പ്രയോജനം ചെയ്യും. എന്നാൽ ദൈവവചനത്തിലെ തേൻ ആസ്വദിക്കുക, അതായത് നല്ലതിനെ സ്വീകരിച്ച് സ്വയം തൃപ്തിയണയുകയും മറ്റുള്ളവർക്ക് നൽകുകയും ചെയ്യുക. ദൈവവചനം വായിച്ച് സ്വന്തം ജീവിതത്തിനു പ്രായോഗിക നിർദ്ദേശങ്ങളും ദൈവോദ്ദേശ്യങ്ങളും എങ്ങനെ അറിയിക്കും എന്നതാണ് നാം ചിന്തിക്കുന്നത്.

**1. ദൈവവചനം വായിക്കുക:-** വിശുദ്ധ ബൈബിളിലെ ഏതെങ്കിലും ഭാഗമെടുത്ത് വായിക്കുക. സങ്കീർത്തനങ്ങൾ, പുതിയനിയമം തുടങ്ങിയവയും സദൃശ്യവാക്യങ്ങളും ഇപ്രകാരം വ്യക്തിപരമായ പഠനത്തിന് ഉപയുക്തമാണ്. പഴയനിയമത്തിലെ ചില വ്യക്തികളെപ്പറ്റിയുള്ള പഠനവും നല്ലതുതന്നെ. തിരഞ്ഞെടുക്കുന്ന ഏതെങ്കിലും അദ്ധ്യായമോ, ഖണ്ഡികയോ, ശ്രദ്ധാപൂർവ്വം മനസ്സിരുത്തി വായിക്കുക. 3-5 പ്രാവശ്യം വരെ വായന തുടരുക.

**2. പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കുക:-** ദൈവവചനത്തിലെ സത്യങ്ങൾ വെളിപ്പെടുത്തിത്തരുവാനായി ദൈവത്തോട് പ്രാർത്ഥിക്കുക. ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് നമുക്ക് ദൈവവചനസത്യങ്ങളെ ഗ്രഹിപ്പിക്കുന്നത്. ചില നിമിഷങ്ങൾ ഹൃദയംഗമായി പ്രാർത്ഥിക്കുക. ദൈവവചനത്തിന്റെ സത്യങ്ങൾ എനിക്ക് വെളിപ്പെടുത്തി തരേണമെ എന്നതായിരിക്കണം പ്രാർത്ഥനയുടെ രത്നച്ചുരുക്കം. പ്രാർത്ഥനയ്ക്കായി 5 മുതൽ 30 മിനിറ്റുവരെ വേർതിരിക്കാം.

**3. വചനത്തെ വീണ്ടും ഒരിക്കൽക്കൂടി വായിക്കുക:-** പ്രാർത്ഥനയ്ക്ക് ശേഷം ദൈവവചനം ശ്രദ്ധാപൂർവ്വം ഒരിക്കൽക്കൂടി വായിക്കുക. ഈ വായനയിൽ ഇതിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തികൾ, സ്ഥലങ്ങൾ, സംഭവങ്ങൾ ഇവയെപ്പറ്റി നന്നായി മനസ്സിലാക്കുക. വേണമെങ്കിൽ അതൊരു ബുക്കിൽ എഴുതി വെക്കുക.

**4. വചനത്തിന്റെ സന്ദർഭത്തെ അറിയുക:-** ഈ വായിക്കപ്പെട്ട വേദഭാഗം, ആര്, എപ്പോൾ, ആർക്കുവേണ്ടി എഴുതി എന്നത് അറിയുക. ഏത് സന്ദർഭത്തിലാണ് ഇത് പറഞ്ഞ് (സംഭവിച്ചത്) എന്ന് മനസ്സിലാക്കുക. വായിച്ച വേദഭാഗങ്ങൾ തൊട്ട് മുമ്പിലുള്ള ചില വേദഭാഗങ്ങൾ വായിച്ചാൽ അത് മനസ്സിലാക്കാൻ കഴിയും. ഇതിനുവേണ്ടി ബൈബിൾ പഠനഗ്രന്ഥങ്ങളുടെ സഹായം വേണമെങ്കിൽ തേടാം.

**6. വചനത്തെ കീറി മുറിക്കുക:-** വചനത്തിലെ ഓരോ വാക്കുകളും സംഭവങ്ങളും കീറിമുറിച്ച് വിശകലനം ചെയ്യുക. ഉദാഹരണത്തിന് ആവർത്തനപുസ്തകം (പഴയനിയമത്തിലെ 5-ാമത്തെ പുസ്തകം) 28:1-ാം വാക്യം *നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോടെ കേട്ടു, ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന അവന്റെ സകല കല്പനകളും പ്രമാണിച്ചുനടന്നാൽ നിന്റെ ദൈവമായ യഹോവ നിന്നെ ഭൂമിയിലുള്ള സകല ജാതികൾക്കും മീതെ ഉന്നതനാക്കും.*

ഈ വേദഭാഗത്തെ വായിച്ച് വാക്കുകളെ വിശകലനം ചെയ്യുക.

ഉദാ. *നിന്റെ ദൈവമായ* - ദൈവം നമ്മുടെ ദൈവമാണെന്ന ബോദ്ധ്യം നൽകുന്നു.

*യഹോവയുടെ വാക്ക്* - ഇത് നമ്മോടുള്ള ദൈവത്തിന്റെ ആലോചനയാണ്. ദൈവം നമ്മോട് സംസാരിക്കുവാൻ ആഗ്രഹിക്കുന്നു.

*ശ്രദ്ധയോടെ കേൾക്കുക* - ദൈവത്തിന്റെ വാക്കുകൾക്ക് നാം ശ്രദ്ധ കൊടുക്കണം. ദൈവം നമ്മോട് പറയുന്ന ഓരോ വാക്കും വിലപ്പെട്ടതാണ്. അശ്രദ്ധയാൽ അവയെ നമുക്ക് നഷ്ടപ്പെടരുത്. നമ്മുടെ ചെവികളെ അതിനായി തുറക്കുക.

*ആജ്ഞാപിക്കുന്ന* - സംസാരിക്കുന്നതോടൊപ്പം ആജ്ഞാപിക്കുകയും ചെയ്യുന്ന ദൈവമാണ്. രാജകല്പനകൾക്ക് തുല്യമാണ് അവ.

*സകല കല്പനയും പ്രമാണിച്ച് നടന്നാൽ* - ദൈവീക കല്പനകളെ കേൾക്കുവാനുള്ളതല്ല അവയെ നാം പ്രമാണിച്ച് അതനുസരിച്ച് ജീവിക്കേണം.

*ഭൂമിയിലുള്ള സകല ജാതികൾക്കും* - ജാതികൾ എന്നത് ദൈവത്തെ അറിയാത്തവരെ കാണിക്കുന്നു.

*മീതെ ഉന്നതനാക്കും* - മറ്റുള്ളവരേക്കാൾ ദൈവം നമ്മെ അനുഗ്രഹിക്കും.

ഈ മുകളിൽ പറയുന്ന ഓരോ വാക്കുകൾക്കും നമ്മോട് ചിലത് പറയുവാനുണ്ട്. അത് നാം ശ്രദ്ധാപൂർവ്വം മനസ്സിലാക്കണം.

ദൈവം യിസ്രായേൽ മക്കളോട് മോശെ എന്ന പ്രവാചകൻ മുഖാന്തിരം നൽകിയ കല്പനകളാണ്. ദൈവവചനം അനുസരിച്ച് നടന്നാൽ ലഭിക്കുന്ന നിരവധി അനുഗ്രഹങ്ങളെപ്പറ്റി തുടർന്ന് കാണാവുന്നതാണ്.

**6. ഇത് എഴുതിവെക്കുക:-** നിങ്ങൾ വചനത്തെ വിശകലനം ചെയ്ത് എഴുതി വയ്ക്കണം. മറവിയും അശ്രദ്ധയും ശ്രദ്ധയെ തിരിക്കുമെങ്കിൽ എഴുതിവയ്ക്കുന്നതു പിന്നീട് ഉപകരിക്കും.

**7. പ്രായോഗിക നിർദ്ദേശങ്ങൾ കണ്ടെത്തുക:-** നാം വ്യക്തിപരമായ ജീവിതത്തിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കണ്ടെത്തണം. ദൈവം നമ്മോട് ഇതിൽക്കൂടി എന്താണ് പറയുന്നത് എന്നത് ശ്രദ്ധിക്കണം.

മുമ്പ് പറഞ്ഞ വേദഭാഗത്തുനിന്നുള്ള പ്രായോഗിക വശങ്ങൾ

1. ദൈവത്തിന്റെ വാക്ക് നാം കേൾക്കണം.
2. ദൈവ ശബ്ദത്തിന് നാം ശ്രദ്ധ കൊടുക്കണം.
3. ദൈവകല്പനകളെ നാം പ്രമാണിക്കണം.
4. എന്റെ ദൈവം എന്നെ അനുഗ്രഹിക്കും.
5. ഞാൻ ദൈവകല്പനകളെ പ്രമാണിച്ച് ജീവിക്കും എന്ന തീരുമാനം മുകളിൽ പറഞ്ഞവയെ വ്യക്തിജീവിതത്തിൽ കൊണ്ടുവരികയാണ് ആവശ്യം. **(തുടരും...)**

വേദപഠനം
തിമൊഥെയൊസ്
–തുടർച്ച–

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ഒന്നു തിമൊഥെയൊസ് ആറാം അദ്ധ്യായത്തിലെ പ്രമേയം സഭ എങ്ങനെ കൈകാര്യം ചെയ്യണം എന്നും അതിന്റെ നടത്തിപ്പുകാർ എപ്രകാരം വിഷയങ്ങൾ കൈകാര്യം ചെയ്യണമെന്നുള്ള ആലോചന നൽകുകയാണ് ഇതിലൂടെ. ക്രൈസ്തവ സഭയുടെ പ്രാരംഭഘട്ടത്തിൽ അനേക വിഷയങ്ങൾക്കു തക്കതായ പരിഹാരം കാണേണ്ടതുണ്ടായിരുന്നു, അർത്ഥാൽ സഭയ്ക്കു അകത്ത് ദുരുപദേശങ്ങളും സഭയ്ക്കു പുറത്ത് പീഡനവും അതിന്റെ ഉച്ചക്കോടിയിലായിരുന്നു, ഇതിന്റെയെല്ലാം മദ്ധ്യേ സഭയിൽ ചില സാമൂഹ്യ പ്രശ്നങ്ങളും തലപ്പൊക്കി അപ്പോൾ പൗലോസ് ചില പ്രായോഗിക ഉപദേശങ്ങളും ആലോചനകളും നൽകി സഭയിലെ പ്രശ്നങ്ങളെ പരമാവധി ഒഴിവാക്കുവാൻ ശ്രമിക്കുകയാണ്. പ്രഥമമായി പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കുന്നത് ദാസന്മാരും യജമാനന്മാരും തമ്മിലുള്ള ബന്ധമാണ്, (വാക്യങ്ങൾ 1-2), റോമാ സാമ്രാജ്യച്ചിന്റെ സാമൂഹിക സംസ്കാരിക ഘടനയിൽ അടിമകളും അടിമക്കച്ചവടങ്ങളും കൊടിക്കുത്തി വാഴുന്ന കാലഘട്ടം. പ്രസ്തുത സാമൂഹിക വിഷയം സഭയ്ക്കു അകത്തും പ്രവേശിച്ചു പ്രശ്നങ്ങളെ സൃഷ്ടിച്ചു സഭയുടെ ഐക്യതയും സന്തോഷവും നഷ്ടമാക്കുവാൻ തുടങ്ങി അത് മനസ്സിലാക്കിയ പൗലോസ് തിമൊഥെയൊസിനു നൽകുന്ന ഉപദേശമാണ് എപ്രകാരം ആ വിഷയം കൈകാര്യം ചെയ്യണം എന്നുള്ളത്. ദാസന്മാർ എന്ന പ്രയോഗം ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നു. ഗ്രീക്ക് ഭാഷയിൽ ഡ്യൂയലോസ് (Doulos) എന്നും അതിന്റ അക്ഷരിക അർത്ഥം ദാസൻ എന്നുമാണ്. ഒരു ദാസൻ എന്നു പറയുമ്പോൾ നുകം കഴുത്തിൽ വച്ചിരിക്കുന്ന മൃഗത്തെപ്പോലെയാണ് റോമാക്കാരും റോമാസാമ്രാജ്യവും കണ്ടിരുന്നത്. ‘നുകത്തിൽ കീഴ്ദാസൻ” എന്ന പ്രയോഗം വളരെ ശ്രദ്ധേയമാണ്, അടിമത്വത്തിന്റെ പ്രകൃതം വ്യക്തമാക്കുന്നതാണ് അത്. യേശുക്രിസ്തു പറഞ്ഞതായ പ്രസ്താവനയും എന്റെ നുകം ഏറ്റ് എന്നോട് പഠിപ്പിൻ എന്നതും ഈ പശ്ചാത്തലത്തിൽ നിന്നും പറഞ്ഞതാണ്. മത്താ.11: 29-30, ഇതിന്റെ പിന്നിലെ ആശയം യേശുക്രിസ്തുവിന്റെ നുകം പേറിക്കഴിയുമ്പോൾ അടിമത്വത്തിന്റെ ഭാരം വലിയ ഭാരമായി തോന്നുകയില്ല. മർക്കൊസിന്റെ സുവിശേഷത്തിൽ യേശുക്രിസ്തുവിനെ ഒരു ദാസനായിട്ടാണ് മർക്കൊസ് ചൂണ്ടിക്കാണിക്കുന്നത് കാരണം ആ സുവിശേഷം എഴുതിയിരിക്കുന്നത് റോമാക്കാർക്കുവേണ്ടിയാണ്, റോമാക്കാർ ദാസൻ എന്ന പ്രയോഗം വളരെ സുപരിചിതമാണ്, മർക്കൊ.10: 45. പൗലോസും പ്രസ്തുത വിഷയത്തിൽ നിന്നും കൊണ്ടാണ് റോമാലേഖനത്തിൽ താൻ കർത്താവിന്റെ ഒരു ദാസൻ എന്നു പറഞ്ഞു സ്ഥാപിക്കുന്നത് റോമ: 1,2.

അടിമകളെക്കുറിച്ച് ധാരാളം വിവരങ്ങൾ തിരുവെഴുത്തിൽ നൽകിയിരിക്കുന്നു. അവർ എങ്ങനെ അടിമകളായി മാറിയെന്നും നൽകിയിരിക്കുന്നു. യുദ്ധത്തിൽ പിടിക്കപ്പെട്ടവരായ അടിമകൾ, സംഖ്യാ 31: 7-35, ആവർ.20:10-14, വിലയ്ക്കുവാങ്ങിയ അടിമകൾ, പുറ. 21:7, ലേവ്യ.25:44-46, അടിമകളായി വിറ്റവർ, ലേവ്യ.25:39-45, ആവർ. 15:12-17, കടം വിട്ടുവാൻ വേണ്ടി പിടിച്ചകൊണ്ടുപോയവർ 2 രാജാ.4:1, നെഹ: 5:1-8, സമ്മാനമായി നൽകിയ അടിമകൾ, ഉല്പ. 29:24, സ്വന്തമാക്കിയ അടിമകൾ, ലേവ്യ. 25:46 കൂടാതെ അടിമകളായി ജനിച്ചവർ.

പഴയനിയമം ഒരിക്കലും അടിമത്വത്തെക്കുറിച്ച് നിരുൽസാഹിക്കപ്പെടുത്തുന്നില്ല, എന്നാൽ യെഹൂദന്മാരുടെ ഇടയിൽ ഏഴാം വർഷം അടിമകളായി സ്വതന്ത്രരാക്കി വിടുകയായിരുന്നു പുറ.21:2. എന്നാൽ യജമാനോടു താല്പര്യം കൂറും ഉണ്ടെങ്കിൽ സ്വയമായി നിൽക്കുവാൻ അവർക്കു അവകാശം ഉണ്ടായിരുന്നു. പുറ. 21:5-6, ബൈബിൾ അവരുടെ അവകാശങ്ങളെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്. യഹൂദന്മാരായ അടിമകളും ജാതിയരായ അടിമകളും അക്കാലത്ത് നിലവിലിരുന്നു. ഈ അടിമകളിൽ ചിലർ സമ്പന്നരും സംസ്ക്കാരികമായി നല്ല നിലയിലും നിലവാരത്തിലും ജീവിച്ചവരും ഉണ്ടായിരുന്നു. ക്ഷൗരക്കാർ, പാചകക്കാർ, വിളമ്പുകാർ, വിളയെടുക്കുന്നവർ, കൃഷിക്കാർ ഇവരൊക്കെ അടിമകളായിരുന്നു. റോമാ സാമ്രാജ്യത്തെ സമ്പന്നമാക്കിയത് ഇവരുടെ സേവനങ്ങളും ശുശ്രൂഷകളുമായിരുന്നു. ഈ അടിമകൾക്കു സമൂഹത്തിലോ സാമ്രാജ്യത്തിലോ, യാതൊരു വിലയോ അംഗീകാരമോ അധികാരമോ നൽകിയിരുന്നില്ല. പണി ഉപകരണങ്ങളുടെ കൂട്ടത്തിലെ ഒരു ഉപകരണമായി മാത്രമേ അടിമകളെ അവർ കണ്ടിരുന്നുള്ളൂ. സ്വാതന്ത്ര്യത്തെക്കുറിച്ചോ, പൗരാവകാശത്തെക്കുറിച്ചോ വോട്ടവകാശത്തെക്കുറിച്ചോ അവർ ചിന്തിച്ചിരുന്നില്ല, അക്കാലത്ത് അടിമകളെ ക്രൂരമായി മർദ്ദിക്കുകയും കഠിന ജോലി ചെയ്യിപ്പിക്കുകയും ചങ്ങലക്കൊണ്ട് ബന്ധിച്ചു. ചാട്ടവാറുകൊണ്ട് ഉപദ്രവിച്ചും ശിക്ഷിച്ചും പോന്നു, ജോലി ചെയ്യാത്ത അലസന്മാരെയും നീചന്മാരെയും ക്രൂശിച്ചുകൊല്ലുകയും ചെയ്തിരുന്നു. ഇവരെ തിരിച്ചറിയുവാൻ കഴിയത്തക്ക മായാത്ത ഒരു അടയാളം അവരുടെ നെറ്റിയിൽ പതിച്ചിരുന്നു. ചുരുക്കത്തിൽ കേവലം ഒരു വസ്തുപോലെ (സാധനം) മാത്രമെ ആളുകൾ അടിമകളെ കണ്ടിരുന്നുള്ളൂ. ചില വർഷങ്ങൾ കഴിയുമ്പോൾ അടിമകളെ സ്വതന്ത്രരാക്കി വിട്ടിരുന്നു യജമാനന്മാരുമുണ്ട് എഫെ. 6:5-9, കൊലൊ. 3:22-41, തീത്തോ. 2:9. ഫിലോമോന്റെ ലേഖനവും ഉൾപ്പെടുന്നു.

അടിമസമ്പ്രദായം നിലവിലിരുന്ന സാമൂഹ്യപശ്ചാത്തലത്തിൽ സുവിശേഷത്തിന്റെ ജ്വാല കത്തുവാൻ തുടങ്ങിയപ്പോൾ പല വിഷമപ്രശ്നങ്ങൾക്കു കാരണമായ, യജമാനൻ ക്രിസ്തു വിശ്വാസി, ദാസൻ, വിജാതീയൻ ഗലാ. 3:28, കൊലെ.3:11.

# അഗാപ്പേ 2017 ചർച്ച് ഓഫ് ഗോഡ് മേപ്രാൽ കുടുംബസംഗമം

**മേപ്രാൽ:** ചർച്ച് ഓഫ് ഗോഡ് മേപ്രാൽ കുടുംബസംഗമമായ അഗാപ്പേ 2017 ഒക്ടോബർ 2 തിങ്കളാഴ്ച രാവിലെ 9:30ന് സഭാഹാളിൽ സഭാശുശ്രൂഷകൻ പാസ്റ്റർ അനിൽ പി. സാമുവേൽ, സെക്രട്ടറി തോമസ് കോശി, ട്രഷറാർ എം. സി. വർഗ്ഗീസ് എന്നിവരുടെ നേതൃത്വത്തിൽ നടക്കും. ഡിസ്ട്രിക്ട് പാസ്റ്റർ ടി.എം. മാമച്ചന്റെ അധ്യക്ഷതയിൽ കൂടുന്ന മീറ്റിംഗിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി. തോമസ് മുഖ്യാതിഥി ആയിരിക്കും. സഭാംഗങ്ങളായി ദൈവദാസന്മാരെ കൂടാതെ മുൻകാലങ്ങളിൽ സഭാശുശ്രൂഷകൻമാരായി സഭയിൽ ശുശ്രൂഷിച്ച ദൈവദാസന്മാരും ഈ മീറ്റിംഗിൽ പങ്കെടുക്കും. ശുശ്രൂഷയിൽ കാൽനൂറ്റാണ്ട് പിന്നിട്ട ദൈവദാസന്മാരേയും വിശ്വാസജീവിതത്തിൽ അരനൂറ്റാണ്ട് പിന്നിട്ട വിശ്വാസികളെയും ആദരിക്കുന്ന ഈ ആത്മീയകൂട്ടായ്മ തിരുവത്താഴ് ശുശ്രൂഷയോടുകൂടെ ഒരു മണിക്കു അവസാനിക്കും.

# ഐപിസി മലബാർ മേഖല മിഷൻ ഡയറക്ടേഴ്സ് ചുമതലയേറ്റു



ഡോ. ജോയി ഏബ്രഹാം



ഡോ.വിൽസൺ വർക്കി

**നിലമ്പൂർ:** ഐപിസി മലബാർ മേഖലയുടെ മിഷൻ ഡയറക്ടർമാരായി ഡോ. ജോയി ഏബ്രഹാമും ഡോ.വിൽസൺ വർക്കിയും ചുമതലയേറ്റു.

മലബാറിൽ 34 സെന്റുകളിലായി 534 സഭകളാണ് ഐപിസിക്ക് ഉള്ളത്. ഇതിൽ 238 സഭകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. യാതൊരുവിധ സാമ്പത്തിക സഹായങ്ങളൊന്നുമില്ലാതെ നൂറ്റമ്പത് സഭകൾ പ്രവർത്തിക്കുന്നു. 34 പഞ്ചായത്തുകളിൽ പെന്തെക്കോസ്തു കൂട്ടായ്മകളൊന്നും ഇല്ല. നിലവിൽ മലബാറിൽ ചില സെന്ററുകളെ ഹ്യൂസ്റ്റൺ, ഡാളസ്, കുവൈറ്റ് എന്നീ ഐപിസി സഭകളും, കൂടാതെ വ്യക്തിപരമായ സഹായങ്ങളുമാണ് ലഭിക്കുന്നത്. മലബാറിലെ സുവിശേഷമുന്നേറ്റത്തിനായി മിഷൻ ഡയറക്ടർമാരെയും നിയമിക്കുന്നതിനായി മലബാർ മേഖല തീരുമാനിച്ചതായി മേഖല സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ് പറഞ്ഞു. ഈ വർഷം പുതിയതായി ആരംഭിക്കുന്ന 50 പ്രവരത്തനമേഖലകൾക്ക് ഇരുവരും നേതൃത്വം നല്കും. തൃശൂർ സ്വദേശിയായ ഡോ. ജോയി ഏബ്രഹാം മികച്ച വേദ അദ്ധ്യാപകനും പ്രസംഗികനും സംഘാടകനുമാണ്. അമേരിക്കയിലെ ഒർലാന്റോ ക്രിസ്ത്യൻ അസംബ്ലിയുടെ സീനിയർ പാസ്റ്ററായ ഡോ. ജോയ് എബ്രഹാം പിസിനാക്ക് നാഷണൽ കൺവീനർ, ഐപിസിനോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ പ്രസിഡന്റ് പിവൈപിഎ കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മലപ്പുറം സ്വദേശിയായ ഡോ.വിൽസൺ വർക്കി വിവിധ സെമിനാരികളിൽ വേദഅധ്യാപകനാണ്. കോട്ടയം ഐപിസി സെമിനാരിയിൽ അക്കാദമിക് ഡീനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ന്യൂയോർക്കിലുള്ള ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയിൽ സീനിയർ പാസ്റ്ററായി പ്രവർത്തിക്കുന്നു.

## 05 ചർച്ച് ഓഫ് ഗോഡ് ചാരിറ്റി .......

മായ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ്, സ്റ്റേറ്റ് ബിലീവേഴ്സ് ബോർഡ് സെക്രട്ടറി ബ്രദർ ജോസഫ് മറ്റത്തുകാല, ചാരിറ്റി ബോർഡ് ജോയിന്റ് ഡയറക്ടർ പാസ്റ്റർ ജോൺസൺ മരുത്തിക്കാട്ടിൽ, ചാരിറ്റി ബോർഡ് സെക്രട്ടറി ബ്രദർ സജി കുമ്മാട്ടിയിൽ, ചാരിറ്റി ബോർഡ് സ്റ്റേറ്റ് കോഡിനേറ്റർ പാസ്റ്റർ ജോൺസൺ തോമസ്, ചാരിറ്റി ബോർഡ് ജോയിന്റ് സെക്രട്ടറി പാസ്റ്റർ ജോർജ്ജുകുട്ടി തങ്കച്ചൻ, ചാരിറ്റി ബോർഡ് മീഡിയ കൺവീനർ പാസ്റ്റർ അനീഷ് ഉമ്മൻ എബ്രഹാം, ചാരിറ്റി ബോർഡ് മെമ്പറും സീനിയർ സ്റ്റേറ്റ് ബോർഡ് മെമ്പറുമായ സി. പി. വർഗീസ്, ചാരിറ്റി ബോർഡ് മെമ്പർ പാസ്റ്റർ ബെന്നി സാമുവേൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## പുസ്തക നിരൂപണം

# ‘ദൈവാവിഷ്ടർ’



ആഷേർ മാത്യു




വിവാദമായിക്കൊണ്ടിരിക്കുന്ന ലിജി മാത്യുവിന്റെ ‘ദൈവാവിഷ്ടർ’ എന്ന നോവൽ വായിച്ചു. ഏറെ പ്രതീക്ഷയോടെ വായിച്ചു തുടങ്ങിയപ്പോൾ എം.ടിയുടെ ‘രണ്ടാം ഊഴം’ പോലെയോ, ഒരു ‘ഡാവിഞ്ചി കോഡ്’ പോലെയോ ഒക്കെ ആയിത്തീരുമെന്ന് കരുതിയെങ്കിലും, പണ്ട് ബാലരമയിൽ പ്രസിദ്ധീകരിച്ചിരുന്ന ‘മന്ത്രിയുടെ തന്ത്രങ്ങൾ’ എന്ന കഥയുടെ നിലവാരമായി തോന്നിയത് വിഷമകരമായി ‘ക്രിസ്തുവിനെ’ വികലമായി ചിത്രീകരിച്ചാൽ ലഭിക്കുന്ന കച്ചവടനേട്ടത്തിലുപരിയായി, തനിക്ക് തോന്നിയ ‘ഭാവന’ ഒരു നോവലാക്കി എന്ന അപരാധമാണ് എഴുത്തുകാരി ചെയ്തിരിക്കുന്നത്.

എന്നാൽ തന്റെ ഭാവന പ്രകടിപ്പിക്കുന്നതിന് ഒരു എഴുത്തുകാരനെയും കുറ്റം പറയാൻ കഴിയില്ലതാനും. കാരണം ഇത് ഒരു കേവലം ഭാവനയാണെന്ന്, എഴുത്തുകാരി മുൻകൂർ ജാമ്യം പുസ്തകത്തിൽ അച്ചടിച്ചിട്ടുണ്ട്. ചാവുകടൽ ചുരുളുകളോ, ചരിത്ര പിൻബലമോ ഒന്നും അവകാശപ്പെടാത്ത സ്ഥിതിക്ക് (പുസ്തകത്തിന് ആമുഖമോ, അവതാരികയോ ഒന്നുമില്ലെന്നുള്ളത് ശ്രദ്ധേയമാണ്) കേവലം ഒരു ഭാവനാസൃഷ്ടിയായ് കാണുകയാണ് ചെയ്യേണ്ടത്. ഹാസ്മോണിയൻ രാജകുമാരിയും സ്വപ്നാടനക്കാരിയുമായിരുന്ന കന്യാമറിയത്തെ ജറുസലേം ദേവാലയത്തിലെ മുഖ്യ പുരോഹിതൻ ഹന്നാസ് ബലാത്സംഗം ചെയ്തു ഗർഭിണിയാക്കിയെന്നും, അതിൽ ഇരട്ടക്കുഞ്ഞുങ്ങൾ പിറന്നെന്നും, അവൻ ‘യേശുവും യോഹന്നാനും’ ആയിരുന്നെന്നും എഴുത്തുകാരി പറയുന്നു. ലാസറിന്റെ സഹോദരി മറിയത്തിന്റെ യേശുവിനോടുള്ള പ്രണയവും നോവലിനിടെ കാണാം

അരിമത്യക്കാരൻ യോസഫിന് അമിത പ്രാധാന്യം കൊടുക്കുന്ന കഥയിൽ, യൂദാസാണ് യോസഫിന്റെ ഉറ്റ സുഹൃത്ത്. ‘ലോജിക്ക്’ ഇല്ലാതെ അർത്ഥശൂന്യമായി സൃഷ്ടിച്ചിരിക്കുന്ന ഈ നോവൽ ഒരു അബദ്ധ പഞ്ചാംഗം തന്നെയാണ്. ചില തെറ്റുകൾ ചൂണ്ടിക്കാണിക്കാം.

1) സ്നാപക യോഹന്നാനും ശിഷ്യനായ യോഹന്നാനും തമ്മിലുള്ള വ്യത്യാസം എഴുത്തുകാരിക്ക് അറിയാത്തതാവാൻ സാദ്ധ്യതയില്ല. ക്രൂശീകരണ സമയത്ത് വരെ യേശുവിനോട് ഒന്നിച്ചുള്ള യോഹന്നാൻ സ്നാപകന്റെ സാന്നിദ്ധ്യം, എഴുത്തുകാരിയുടെ ഗത്യന്തരമായിപ്പോയി.

2) യേശു ഭാരതത്തിൽ വന്ന് ബുദ്ധസന്യാസിയായിരുന്നു എന്ന പഴയ തുരുത്തിയിലെ വീഞ്ഞ്, പുതിയ രീതിയിൽ അവതരിപ്പിക്കാനോ എഴുതി ഫലിപ്പിക്കാനോ കഴിഞ്ഞിട്ടില്ല.

3) ‘ചിലർ നിന്നെ യോഹന്നാൻ എന്ന് പറയുന്നു’ എന്ന ബൈബിളിലെ വാക്യം യേശുവും യോഹന്നാനും തമ്മിലുള്ള സാമ്യം ചൂണ്ടിക്കാണിക്കുവാനും, അവർ ഇരട്ടകളായിരുന്നെന്ന് സമർത്ഥിക്കുവാനും ഉപയോഗിക്കുന്നുണ്ട്. പക്ഷെ, ‘ചിലർ നിന്നെ ഏലിയാവോ’ എന്നും വാക്യമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ‘മുരടുകളെ’ സൃഷ്ടിക്കാതിരുന്നത് കാര്യമായി.

06

## ലേഖനം

# കാലത്തിന്റെ അടയാളങ്ങൾ



പാസ്റ്റർ കെ. ജെ. മാത്യു

**കാ**ലം അതിന്റെ പരിസമാപ്തിയിലേക്കടുക്കുമ്പോൾ വിശ്വാസത്യാഗവും മൃതാവസ്ഥയും ഉദാസീനതയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. "മനുഷ്യ പുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ" എന്ന് കർത്താവ് ഈ കാലഘട്ടത്തെ മുന്നിൽ കണ്ട് പറഞ്ഞത് അന്വർത്ഥമാകത്തക്കവിധത്തിൽ കാര്യങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു.

ഈ യുഗത്തിന്റെ അവസാനത്തെക്കുറിച്ചോ നാം ജീവിക്കുന്ന ഈ ദുർഘട കാലഘട്ടത്തെക്കുറിച്ചോ ഓർത്ത് ഒരു ദൈവപൈതൽ ഉത്കണ്ഠാകുലനാകേണ്ടതില്ല. കാരണം മറ്റെല്ലാ ഭാവി സംഭവങ്ങളുടെയും വാതിൽ തുറക്കുന്ന പ്രാവചനിക താക്കോൽ യേശുക്രിസ്തുവിന്റെ മടങ്ങി വരവാണ്. ഈ ലോകത്തിലെ ജീവിതാനുഭവങ്ങൾക്ക് വ്യക്തിതലത്തിൽ അർത്ഥം കൊടുക്കുവാൻ കഴിയുന്നത് വരുവാനുള്ള ലോകത്തെക്കുറിച്ചുള്ള പ്രത്യാശമൂലമാണ്. ഭാവിയെക്കുറിച്ചുള്ള സുരക്ഷിതത്വവും ശുഭാപ്തി വിശ്വാസവും ആത്മീയമായി ലഭിക്കാവുന്ന മെച്ചപ്പാടും വരുവാനിരിക്കുന്ന ലോകത്തിനുവേണ്ടിയുള്ള ഒരുക്കപ്പെടലിന്റെ ഭാഗമായി കാണാം.

ദൈവവചനമായ ബൈബിൾ പരിശോധിച്ചാൽ തെറ്റും ശരിയും, താല്ക്കാലികവും നിത്യവും, വലുതും ചെറുതും ഇതൊക്കെ അതിൽ വ്യക്തിമാക്കിയിട്ടുണ്ട്. ശരിയും തെറ്റും തമ്മിലും സത്യവും അസത്യവും തമ്മിലും വിവേചിച്ചറിയുവാനുള്ള കഴിവ് നമുക്കുണ്ടാകേണം. ക്രിസ്തുവിനെ എതിർക്കുന്ന ഭോഷ്കിന്റെ ഉപദേശകരുണ്ട്. അവർ ബദൽ ക്രിസ്തുവിനെയും, അവർ ബദൽ രക്ഷയെയും, ബദൽ വേദപുസ്തകവും പ്രസംഗിക്കുന്നു. ബൈബിളിനെ തിരസ്ക്കരിക്കുകയും എതിർക്കുകയും ചെയ്ത രാജ്യങ്ങളും, ശക്തികളും, വ്യക്തികളും ചരിത്രത്തിന്റെ തിരശ്ശീലയ്ക്ക് അപ്പുറത്തേക്ക് നീങ്ങി. എന്നാൽ ബൈബിൾ പ്രവചനങ്ങൾ നിവർത്തിച്ചുകൊണ്ട് കാര്യങ്ങൾ അതേപടി നടന്നുകൊണ്ടിരിക്കുന്നു.

ഈ നാളുകളിൽ വേർപെട്ട ദൈവജനത്തിന്റെ നടുവിൽ സിദ്ധന്മാരായി ചിലർ ഭാവിച്ച് പുതിയിളക്കങ്ങൾ പറഞ്ഞ് പിടിപ്പിച്ച് ജനത്തെ ഇളക്കിമറിച്ചുകൊണ്ടിരിക്കുകയാണ്. ഇവരുടെ വാഗ്ദാനങ്ങൾ അരിച്ചുപെറുക്കിനോക്കിയാൽ ദേഹരക്ഷ, സാമ്പത്തീക ഉയർച്ച, രോഗസൗഖ്യം എല്ലാം അതിലുണ്ട്. കർത്താവിന്റെ പ്രമാണമനുസരിച്ച് മുഖ്യവിഷയമായ ആത്മരക്ഷ പ്രാപിക്കുവാൻ ഇന്നത്തെ പുതിയിളക്കക്കാർ എന്താണ് ശ്രമിക്കാത്തത്. സർവ്വലോകവും നേടിയാലും ആത്മനഷ്ടം ഫലമെങ്കിൽ അതല്ലേ വലിയ കഷ്ടം. താല്ക്കാലിക കാര്യസാധ്യത്തിനു വേണ്ടി ദൈവത്തിൽ ആശ്രയിക്കാതെ ദൈവത്തെ അറിയാത്ത മനുഷ്യനിൽ ആശ്രയിച്ച് സ്വന്തജഡീക ഇച്ഛകൾക്കുവേണ്ടി എന്തും ഏതും ചെയ്ത് ആരെയും വകവെയ്ക്കാതെ സ്വന്തജഡത്തെ ആയുധമാക്കിയും ഹൃദയംകൊണ്ട് ദൈവത്തെ വിട്ടും ജീവിക്കുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ ആകുന്നു.

ക്രിസ്തുയേശുവിലുള്ള വിശ്വാസമൂലം കൃപയാലുള്ള രക്ഷയിൽ വിശ്വസിക്കുന്ന സുവിശേഷ വിഹിത സഭകൾപോലും ലോകമെന്ന ബിലെയാമിന്റെ ഉപദേശത്താൽ ഗ്രസിക്കപ്പെട്ടിരിക്കുന്ന ദുഃഖകരമായ കാഴ്ചയത്രെ നാം ഇന്നു കാണുന്നത്. "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുന്നതല്ല". എന്നാൽ ഇന്ന് പലരും അടിസ്ഥാനം ഉണ്ടോ എന്ന് പോലും നോക്കാതെ സൗധങ്ങൾ പടുത്തുയർത്തുന്നു. അങ്ങനെയുള്ള പണികൾക്ക് എന്തു സംഭവിക്കുമെന്ന് കർത്താവ് തന്റെ ഗിരി പ്രസംഗത്തിൽ സൂചിപ്പിച്ചു. 'വന്മഴ ചൊരിഞ്ഞു, നദികൾ പൊങ്ങി; കാറ്റ് അടിച്ചു ആ വീടിന്മേൽ അലെച്ചു; അതു വീണു, അതിന്റെ വീഴ്ച വലിയതായിരുന്നു (മത്തായി 7:27). മറ്റു പലരും ലോകമനുഷ്യർക്കു വിളങ്ങേണ്ടതിനു മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് അതിബൃഹത്തായ ഗോപുരങ്ങൾ ഉയർത്തുന്നവരാണ്. എന്നാൽ ഈ പണികളെ തീ തന്നെ ശോധന ചെയ്യുന്ന ദിവസം വരുന്നു. അന്ന് അവയുടെ വെണ്ണീർപോലും ശേഷിക്കയില്ല. ഇനിയുമൊരു കൂട്ടർ തടിച്ച ആടിനെ തെരഞ്ഞു പിടിച്ച് അറുക്കുകയും കുടിയന്മാരോടു കൂടെ തിന്നുകുടിക്കുകയും ചെയ്യുന്ന തുമ്പു

-തുടർച്ച-

കെട്ട് ഇടയന്മാരാണ് അവർ നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും ഇടയശ്രേഷ്ഠൻ വന്ന് അവരെ ദണ്ഡിപ്പിച്ച് അവർക്ക് കപടഭക്തിക്കാരോടും കൂടെ പങ്ക് കല്പിക്കും (മത്തായി 24:50). മറ്റൊരു കൂട്ടരുണ്ട് "കുറെക്കൂടി ഉറക്കം, കുറെക്കൂടി നിദ്രാ, കുറെക്കൂടി കൈകെട്ടി കിടക്ക" എന്നിങ്ങനെ നിശ്ചിന്തരായിരിക്കുന്നവർ. ഉണരാതെയും ഒരുങ്ങാതെയും വിളക്കിൽ എണ്ണയെടുക്കാതെയും ഇരിക്കുന്ന ഇവർ ഉണരുമ്പോഴേക്കും കർത്താവ് വാതിൽ അടച്ചു കഴിഞ്ഞിരിക്കും.

# പ്രെയർ ബോർഡ് എറണാകുളം മേഖലാ പ്രാർത്ഥനാസംഗമം



ചർച്ച് ഓഫ് ഗോഡ് പ്രെയർ ബോർഡ് എറണാകുളം മേഖലാ പ്രാർത്ഥനാസംഗമത്തിൽ ഡയറക്ടർ പാസ്റ്റർ വി.പി.തോമസ് പ്രസംഗിക്കുന്നു.

**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് പ്രെയർ ബോർഡിന്റെ നേതൃത്വത്തിൽ എറണാകുളം മേഖലാ പ്രാർത്ഥനാസംഗമം മാമംഗലം ദൈവസഭാ ഹാളിൽ നടന്നു. പ്രെയർ ബോർഡ് ഡയറക്ടർ പാസ്റ്റർ വി.പി.തോമസ്, വൈപിഇ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ എ.റ്റി.ജോസഫ് എന്നിവർ വചനശുശ്രൂഷ നിർവഹിച്ചു. പ്രെയർ ബോർഡ് ജോയിന്റ് ഡയറക്ടർ പാസ്റ്റർ ഇ.എസ്.ജോൺ, ജോയിന്റ് സെക്രട്ടറി പാസ്റ്റർ വർഗീസ് ഈപ്പൻ, ബോർഡ് അംഗങ്ങളായ പാസ്റ്റേഴ്സ് സി.ഐ.തോമസ്, തോമസ് ജോർജ്ജ്, എം.ഇ.റെജി എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. പാസ്റ്റർമാരായ കെ.എ.ഡേവിഡ്, കെ.എ.ജയിംസ് എന്നിവർ ഗാനശുശ്രൂഷ നയിച്ചു.

## അനുഭവസാക്ഷ്യം

# വിശ്വാസ ജീവിതത്തിൽ എട്ടു പതിറ്റാണ്ടുകൾ പിന്നിടുന്ന കുട്ടിയമ്മച്ചി

തയ്യാറാക്കിയത്: ഷാജി വെണ്ണിക്കുളം

1930 ആഗസ്റ്റ് ഇരുപത്തി ഒൻപതിന് കുമ്പനാട് മൊട്ടയ്ക്കൽ ശ്രീ. വി. ജെ. വർഗീസ് - ശോശാമ്മ ദമ്പതികളുടെ പതിനൊന്നു മക്കളിൽ മൂന്നാമത്തവളായി കുട്ടിയമ്മ എന്നു വിളിക്കുന്ന ശ്രീമതി ഏലിയാമ്മ ചാക്കോ ജനിച്ചു. മാതാപിതാക്കൾ യേശുവിനെ രക്ഷകനായി അംഗീകരിച്ചു വിശ്വാസസ്നാനം സ്വീകരിച്ചവർ ആയിരുന്നതിനാൽ ചെറുപ്പം മുതലേ മാതാപിതാക്കൾ വേദവാക്യങ്ങൾ പഠിപ്പിച്ചിരുന്നു. നല്ല ശിക്ഷണത്തിലും തികഞ്ഞ അച്ചടക്കത്തിലും ദൈവഭയത്തിലും വളർത്തുവാൻ മാതാപിതാക്കൾ ശ്രദ്ധാലുക്കളായിരുന്നു. നാലാം വയസിൽ ആനമല പ്രൈമറി സ്കൂളിൽ വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചു. ഇരവിപേരൂർ സെന്റ് ജോൺസ് ഹൈസ്കൂളിൽ നിന്നും ഉയർന്ന മാർക്കോടെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തിരുനെൽവേലിയിലുള്ള സാറടക്കർ വുമൺസ് കോളജിലായിരുന്നു കോളജ് വിദ്യാഭ്യാസം. അതിനുശേഷം 1954-ൽ എറണാകുളം സെന്റ് തെരേസാസ് കോളജിൽ നിന്നും ഇക്കണോമിക്സിൽ ബിരുദം എടുത്തു. അന്ന് കുമ്പനാടിനും പരിസരത്തുമുള്ള പെന്തെക്കോസ്തു സമൂഹത്തിൽ നിന്നും ആദ്യമായി ഡിഗ്രി കരസ്ഥമാക്കിയ ഏകവ്യക്തി എന്ന ബഹുമതിയും ലഭിച്ചിരുന്നു. കൂടാതെ കോളജിലെ എൻ.സി. സി.യിലും നല്ല മികവ് കാട്ടിയിരുന്നു.

ചെറുപ്പം മുതൽ തന്നെ സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം സഭയിലെ സണ്ടേസ്കൂളിലും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ആയതിനാൽ പതിനാലാം വയസ്സിൽ ഒരു സണ്ടേസ്കൂൾ ക്ലാസിൽ വച്ച് യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുകയും പതിനഞ്ചാം വയസ്സിൽ ജലത്തിൽ സ്നാനപ്പെടുകയും ചെയ്തു.



ഈ കാലയളവിൽ കേരളത്തിൽ പെന്തെക്കോസ്തിന്റെ വിത്ത് പാകാനായി എത്തിയിരുന്ന മിഷനറി മാരിൽ ഒരാളായ മയേഴ്സ് മദാമ്മയുടെ പ്രസംഗം പരിഭാഷപ്പെടുത്തിയിരുന്നതും അമ്മച്ചി ആയിരുന്നു. 1957-ൽ ഇടമണ്ണിലേക്കു താമസം മാറി. ആ കാലയളവിൽ വിവാഹപ്രായമായതോടെ മാതാപിതാക്കൾ അനുയോജ്യമായ ഒരു വരനെ അന്വേഷിച്ചു. എന്നാൽ അമ്മച്ചിയാകട്ടെ ഒരു മാസ്റ്റേഴ്സ് ഡിഗ്രിയുള്ള ഒരാൾക്കായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവം അമ്മച്ചിയുടെ പ്രാർത്ഥനക്കു മറുപടിയായി ഇക്കണോമിക്സിൽ തന്നെ മാസ്റ്റേഴ്സ് എടുത്ത്, ഉത്തരപ്രദേശിൽ കോളജ് പ്രൊഫസറായി ജോലി ചെയ്യുന്ന ചെങ്ങന്നൂർ സ്വദേശി ശ്രീ സാമുവേൽ പിചാക്കോയുമായുള്ള വിവാഹം 1959 മെയ് 28നു കല്ലിശ്ശേരി ഇന്ത്യ പെന്തെക്കോസ്തു സഭാഹാളിൽ പാസ്റ്റർ സി. കെ. ഡാനിയേൽ ആശീർവദിച്ചു.

വിവാഹശേഷം അമ്മച്ചിക്ക് നിലമ്പൂർ-ചുങ്കത്തറ ഹൈസ്കൂളിൽ അധ്യാപികയായി ജോലി ലഭിച്ചു. പതിനാലുവർഷം അവിടെ ജോലി ചെയ്തു. ഇതിനോടിക്കു B.Ed ഡിഗ്രിയും കരസ്ഥമാക്കി.

ദാമ്പത്യ ജീവിതത്തിൽ മൂന്നു മക്കളെ ദൈവം ദാനമായി നൽകി. മൂത്തമകൾ വിനീത-ഡോ. ചാക്കോ പി. വർഗീസ് (കീഴില്ലം പെനിയേൽ ബൈബിൾ കോളജ് സ്ഥാപകൻ) അരിസോണായിലും, രണ്ടാമത്തെ മകൻ വിജയ് - ഷേർളി സീയാറ്റിനിലും മൂന്നാമത്തെ മകൻ വിനോദ് - ഗ്ലോറി അറ്റ്ലാന്റായിലും ആയിരിക്കുന്നു. സിസ്റ്റർ ഷേർളി പാസ്റ്റർ ടി.എസ്. എബ്രഹാമിന്റെ മകളും, സിസ്റ്റർ ഗ്ലോറി പാസ്റ്റർ കെ. ജോയിയുടെ മകളുമാണ്. അമ്മച്ചിക്ക് അഞ്ചു കൊച്ചുമക്കളും രണ്ടു പേരക്കുട്ടികളുമുണ്ട്.

1975-ൽ ജോലിയിൽ നിന്നും വിരമിച്ച അമ്മച്ചി മക്കളുമായി എറണാകുളത്ത് താമസമാരംഭിച്ചു. ഈ കാലയളവിൽ ഭർത്താവ് ജോലിയോടുള്ള ബന്ധത്തിൽ സൗദി അറേബ്യയിൽ ആയിരുന്നു. 1990-ൽ കുടുംബമായി അമേരിക്കയിലേക്ക് കുടിയേറി സിയാറ്റിൽ താമസമായി. പത്തുവർഷത്തോളം അവിടെയും രണ്ടുപേരും അധ്യാപകവൃത്തി ചെയ്തു. 2016-ൽ ജീവിതപങ്കാളി താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അദ്ദേഹം നേപ്പാൾ, ഒറീസ, ബീഹാർ, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ എല്ലാ വർഷവും പോയി ദൈവവേല ചെയ്തിരുന്നു. കൂടാതെ ഒരു നല്ല ഗായകനും ആയിരുന്നു.

അമ്മച്ചി ഇപ്പോൾ അറ്റ്ലാന്റയിൽ മകൻ വിനോദിന്റെ കുടുംബത്തോടൊപ്പം കാൾവറി അസംബ്ലിയിൽ അംഗമായിരിക്കുന്നു. പ്രായത്തേയും കാലാവസ്ഥയെയും വകവയ്ക്കാതെ രാപകൽ വ്യത്യാസമില്ലാതെ എല്ലാ കൂടിവരവുകൾക്കും മുടക്കംകൂടാതെ സംബന്ധിച്ചു വരുന്നു. കഴിഞ്ഞ നാളുകളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ 88 വർഷം നാഥൻ കരം പിടിച്ചു നടത്തിയ വിധങ്ങളോർത്താൽ സന്തോഷത്തിന്റെ രണ്ടു തുള്ളി കണ്ണുനീരുമായി അവന്റെ കാൽക്കൽ ഇരുന്നു നന്ദി ഏകിടുവാൻ മാത്രമേ സാധിക്കുകയുള്ളൂ. നന്മയല്ലാതെ തിന്മയൊന്നും ഇതുവരെയും ചെയ്യാത്ത അരുമനാഥനെ അന്ത്യം വരെയും വിശ്വസ്തതയോടെ സേവിച്ചു. തന്നെ വീണ്ടെടുത്ത പ്രാണപ്രിയനെ മുഖാമുഖമായി കാണണം എന്ന ആഗ്രഹവുമായി അമ്മച്ചി വാർദ്ധക്യത്തിലും നല്ല ചുറുചുറുക്കോടെ ആയിരിക്കുന്നു.

## 01 സുവിശേഷകനും യുവപ്രഭാഷകനുമായിരുന്ന...

ക്ക് ടൈംസിന്റെ ബെസ്റ്റ് സെല്ലറായ തന്റെ മൂന്നാമത്തെ പുസ്തകം പുറത്തുവന്ന അതേദിവസം തന്നെയാണു തന്റെ രോഗവിവരവും താൻ പൊതു ലോകത്തെ അറിയിച്ചത്. ഈസ്റ്റേൺ വെർജീനിയ മെഡിക്കൽ സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കിയ മെഡിക്കൽ ഡോക്ടർ ആയ ഡോ. ഖുറേഷി പഠനകാലത്താണു ക്രിസ്തീയ വിശ്വാസത്തിൽ ആകൃഷ്ടനായത്. താൻ പിൻതുടർന്നുവന്നിരുന്ന വിശ്വാസപ്രമാണത്തിൽ അടിയുറച്ചുവിശ്വസിച്ചിരുന്ന നബീൽ ക്രിസ്ത്യൻ അപ്പോളജിസ്റ്റ് ആയ ഡേവിഡ് വുഡ് എന്ന സഹപാഠിയെ കണ്ടെത്തുന്നതിലൂടെയാണു ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നു വരുന്നത്. പിന്നീട് രവി സക്കറിയ മിനിസ്ട്രീസിലൂടെ ഇദ്ദേഹം അറിയപ്പെടുന്ന ക്രിസ്ത്യൻ അപ്പോളജിസ്റ്റായി മാറുകയായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണു സ്റ്റേജ് 4 അർബുദരോഗം തനിക്ക് പിടിക്കപ്പെട്ടിരിക്കുന്ന വിവരം തന്നെ തേടിയെത്തുന്നത്. തന്റെ രോഗവിവരങ്ങളും, പ്രാർത്ഥനാവിവരങ്ങളും വീഡിയോ സന്ദേശത്തിലൂടെ ഡോ ഖുറേഷി അപ്പോഴപ്പോൾ പുറത്തു വിട്ടിരിന്നു. മാനുഷിക നിലയിൽ ചെയ്യുവാൻ കഴിയുന്നതെല്ലാം ചെയ്തുകഴിഞ്ഞ അവസരത്തിലും, സ്നേഹവാനായ ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തങ്ങളിൽ മുറുകെ പിടിച്ച് മരണത്തെ തികഞ്ഞ മനോധൈര്യത്തോടെയും, സന്തോഷവദനനായും കാണുന്ന നബീലിന്റെ സാക്ഷ്യവാക്കുകൾ തനിക്കായി പ്രാർത്ഥിക്കുവാൻ സഹകാരികളോട് ആവശ്യപ്പെടുന്നതായിരുന്നു. വിശ്വാസത്തിൽ നിലനിൽക്കുന്നതിനുവേണ്ടി ഏറെ സഹിച്ച ഈ ദൈവദാസന്റെ ജീവിതവും, സാക്ഷ്യവും സ്പർശിക്കാത്തവർ ഇല്ലായിരുന്നു എന്നു വേണം കരുതാൻ.

ഭാര്യ മിച്ചൽ, മകൾ അയാ, മറ്റു കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക.

# അവർണ്ണ്യസ്നേഹം മ്യൂസിക് കൺസേർട്ട്

**ഒക്കലഹോമ:** മജസ്റ്റീസ് വോയ്സിന്റെ ആഭിമുഖ്യത്തിൽ അവർണ്ണ്യസ്നേഹം ലൈവ് ക്രിസ്ത്യൻ മ്യൂസിക് കൺസേർട്ടും കൺവൻഷനും ഒക്കലഹോമയിലുള്ള ഐപിഎ ഫാമിലി ലൈഫ് സെന്ററിൽ 2017 സെപ്റ്റംബർ 8,9 തീയതികളിൽ നടത്തപ്പെട്ടു. ബ്രദർ സ്വാസ് വിനയ് സംഗീത ആരാധനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ജേക്കബ് മാത്യു ദൈവവചന സംസാരിച്ചു.

## അക്ഷരങ്ങളുടെ അത്ഭുതലോകം - 6

# നിശ്ശബ്ദതയുടെ താഴ്‌വരയിലെ രോദനങ്ങൾ



**ടീയെസ് കപ്പമാംമൂട്ടിൽ**

ഭാരതത്തെയോർത്ത് എന്നും അഭിമാനത്തോടെ ശിരസ്സുയർത്തി നില്ക്കുന്ന രാജ്യസ്നേഹിയായ ഏതൊരു പൗരന്റേയും ചങ്കിൽത്തറച്ചു മൂർച്ചയുള്ള ശരമായിരുന്നു ആ വാർത്ത.

ജനാധിപത്യ മൂല്യങ്ങൾക്കു ഓരോ പൗരന്റേയും ആവിഷ്കാര സ്വാതന്ത്ര്യത്തിനും വേണ്ടി എന്നും ചുവടുറപ്പിച്ചു നില്ക്കുന്ന ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമെന്ന ഖ്യാതിക്ക് കനത്ത ആഘാതമേല്പിക്കുന്നതായിരുന്നു ആ സംഭവം. രാജ്യത്തെയോർത്ത് അഭിമാനം കൊള്ളന്ന ഓരോ ഭാരതീയനും ലജ്ജകൊണ്ട് ശിരസ്സുനമിച്ച നിമിഷങ്ങളായിരുന്നത്.

ഒരു കാലത്ത് തികച്ചും അപൂർവ്വമായിരുന്നു ഭാരതത്തിൽ ഇത്തരം വാർത്തകൾ. ഭാരതമെന്ന പേരു കേട്ടാൽ ഓരോ പൗരന്റെയും അന്തരംഗം അഭിമാനപൂരിതമായിരുന്ന ഒരു കാലഘട്ടം നമ്മുടെ തൊട്ടുപിമ്പിലുണ്ട്. ജാതിമതഭേദങ്ങളും വർണ്ണവർഗ്ഗവ്യത്യാസങ്ങളും മറന്ന് സ്വജീവനെ തൃണവൽഗണിച്ചുകൊണ്ട് നമ്മുടെ മുൻതലമുറകൾ തോളോടുതോൾ ചേർന്ന് നിന്ന് പൊരുതി നേടിയ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടാൻ ആരോ കയറൂരി വിട്ടതുപോലെ വിധ്വംസക ശക്തികൾ ഉറഞ്ഞു തുള്ളുവാൻ തുടങ്ങിയിട്ട് അധികനാളായില്ല എന്നത് ശ്രദ്ധേയം. അവരുടെ നശീകരണപ്രവണതകളുടെ അനന്തരഫലങ്ങൾ നാം കാണുമ്പോൾ, രാജ്യസ്നേഹികൾ ലജ്ജയോടെ തലകുനിച്ചുപോകുന്നു.

ഗൗരി ലങ്കേഷിന്റെ നിഷ്ഠൂരമായ കൊലപാതകം ഒരു ഒറ്റപ്പെട്ട സംഭവമായി കാണുവാനാവില്ല. സത്യത്തിനും അഹിംസക്കുംവേണ്ടി ധീരതയോടെ നിലകൊണ്ട ഗാന്ധിജിയുടെ രക്തം ചൊരിഞ്ഞ വർഗ്ഗീയജാതികളുടെ അവസാന ഇരയാണ് ഈ ധീരവനിതയെന്നു കരുതി സമാശ്വസിക്കുവാനുള്ള സാഹചര്യങ്ങളും നമ്മുടെ കൺമുമ്പിലില്ല. ഈ യാഥാർത്ഥ്യം ഉൾക്കൊള്ളുവാൻ പിന്നിലേക്കൊന്നു തിരിഞ്ഞു നോക്കിയാൽ മാത്രം മതി.

2015 ഓഗസ്റ്റ് 30–ാം തീയതിയാണ് പുരോഗമന സാഹിത്യകാരനായ എം. എം. കൽബുർഗി വധിക്കപ്പെട്ടതിന് സമാനമായ രീതിയിലാണ് ഗൗരി ലങ്കേഷും കൊല്ലപ്പെട്ടത്. പ്രഭാതഭക്ഷണത്തിനിടയിൽ ബൈക്കിലെത്തിയ അജ്ഞാതസംഘം അദ്ദേഹത്തിനു നേരെ നിറയൊഴിക്കുകയായിരുന്നു. രണ്ടുവർഷം കഴിഞ്ഞിട്ടും പ്രതികളെ പിടിക്കൂടുവാൻ കർണ്ണാടകയിലെ സിദ്ധരാമയ്യ സർക്കാരിനു കഴിഞ്ഞില്ല എന്ന വസ്തുതതന്നെ അക്രമത്തിനു പിമ്പിലെ ആസൂത്രണത്തിന്റെ മികവിലേക്കാണ് വിരൽ ചൂണ്ടുന്നത്. മഹാരാഷ്ട്ടയിൽ അതേവർഷം ഗോവിന്ദ് പൻസാരെയും രണ്ടുവർഷം മുമ്പ് നരേന്ദ്ര ദബോൽക്കറും കൊലചെയ്യപ്പെട്ടു. ഈ നാലു പേരും സമാനരീതികളിൽ കൊല്ലപ്പെട്ടെന്ന യാഥാർത്ഥ്യം യാദൃച്ഛികമായി കരുതി എഴുതിത്തള്ളുവാൻ കഴിയുമോ?

സമാനചിന്താഗതികൾ വെച്ചുപുലർത്തിയിരുന്ന ഈ നാലുപേരും കൊല്ലപ്പെട്ടു എന്ന് പറയുന്നതിനേക്കാൾ, നിശ്ശബ്ദരാക്കപ്പെട്ടു എന്ന പറയുന്നതാണ് വസ്തുതകൾക്ക് നിരക്കുന്നത്. കർണ്ണാടകയിൽ എം. എം. കൽബുർഗിയെ കൊന്നൊടുക്കുവാൻ ഉപയോഗിച്ച 7.65 എം.എം. പിസ്റ്റൽ തന്നെയാണ് ഗൗരി ലങ്കേഷിന്റെ ജീവൻ കവരുവാനും ഉപയോഗിച്ചത്. ഈ നാലുകൊലപാതകങ്ങളിലും കാണുവാൻ കഴിയുന്ന സമാനതകൾ, ഇവ യാദൃച്ഛികമായി സംഭവിച്ചതല്ല ഇവയുടെ പിമ്പിൽ മികച്ച ആസൂത്രണമുണ്ടായിരുന്നു എന്നിവ വസ്തുതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രചരിപ്പിക്കുന്നവർക്കെതിരെയും, ഒളിഞ്ഞും തെളിഞ്ഞും വർഗ്ഗീയ വിഷം ചീറ്റുന്ന രാജവെമ്പാലകൾക്കെതിരെയും ആഞ്ഞടിച്ചതാണ് ജനാധിപത്യമൂല്യങ്ങൾക്കുവേണ്ടി എന്നും നിലകൊണ്ട ഈ നാലു പോരാളികളുടെയും ചിറകരിഞ്ഞുവീഴ്ത്തുവാൻ വർഗ്ഗീയശക്തികളെ പ്രേരിപ്പിച്ചത്.

ബെംഗളൂരുവിൽ കോളമിസ്റ്റും എഴുത്തുകാരനുമായി അറിയപ്പെടുന്ന ആകാർപട്ടേൽ കായികമായി ആർക്കമൊരു ഭീഷണിയല്ലാത്ത പത്രപ്രവർത്തകയെന്നാണ് ഗൗരി ലങ്കേഷിനെ വിശേഷിപ്പിച്ചത്. പോസ്റ്റുമോർട്ടം റിപ്പോർട്ട് അനുസരിച്ച് മൂന്നു വെടിയുണ്ടകയാണ് ഈ ധീരവനിതയുടെ ഹൃദയവും ശ്വാസകോശവും തുളച്ചുകയറിയത്. ഒരു വെടിയുണ്ടപോലും ശരീരത്തിൽ ഏറ്റുവാങ്ങുവാൻ കഴിവില്ലാത്ത ഈ വനിതയ്ക്കെതിരെ എതിരാളികൾ ഏഴുറൗണ്ട് വെടിയുതിർത്തത് അവർ സ്വന്തരാജ്യത്തെ ശത്രുക്കൾക്ക് വിറ്റ് കാശാക്കുവാൻ ശ്രമിച്ച രാജ്യദ്രോഹിയോ, വിധ്വംസകപ്രവർത്തനങ്ങളിലൂടെ മാതൃരാജ്യത്തിന്റെ ചങ്കിൽ കത്തിയിറക്കാൻ ശ്രമിച്ച തീവ്രവാദിയോ ആയതുകൊണ്ടല്ല. അക്രമികളെ അനായാസം നിലംപരിചാക്കുവാൻ തക്കവണ്ണം ആയോധനകലയിൽ അഗ്രഗണ്യയായതുകൊണ്ടുമല്ല എതിരാളികൾ അവർക്കെതിരെ നിരവധിതവണ നിറയൊഴിച്ചത്.

എന്തുവിലകൊടുത്തും ഗൗരി ലങ്കേഷിനെ എന്നേക്കുമായി നിശ്ശബ്ദയാക്കുക എന്നതായിരുന്നു അക്രമികളുടെ ലക്ഷ്യമെന്നത് പകൽപോലെ വ്യക്തം.

അന്ധവിശ്വാസങ്ങൾക്കും വർഗ്ഗീയതയ്ക്കുമെതിരെ ശബ്ദമുയർത്തുന്ന മാധ്യമ പ്രവർത്തകർക്കെതിരെ തോക്കുകൾ ശബ്ദിക്കുന്ന, സാഹിത്യപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എഴുത്തുകാർ നിരന്തരം വേട്ടയാടപ്പെടുന്ന ഒരു ഫാസിസ്റ്റ് സംസ്കാരം നമ്മുടെ രാജ്യത്ത് രൂപം പ്രാപിക്കുവാൻ തുടങ്ങിയത് അടുത്തകാലത്താണെന്ന് തിരിച്ചറിയുമ്പോൾ, ഏഴുപതിറ്റാണ്ടുകൾക്കുമുമ്പ് ബ്രിട്ടീഷുകാരിൽ നിന്നും സ്വാതന്ത്ര്യം നേടുവാൻ നാം നടത്തിയ പോരാട്ടങ്ങൾ വെറും പാഴ്‌വേലയായിരുന്നില്ലെ എന്ന ചോദ്യത്തിനുമുമ്പിൽ ഉത്തരമില്ലാതെ നാം വിറങ്ങലിച്ചു നില്ക്കുന്നു.

125 കോടിയോളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു രാജ്യത്ത് വല്ലപ്പോഴുമൊരു മാധ്യമപ്രവർത്തകനോ സാഹിത്യകാരനോ പൊതുപ്രവർത്തനങ്ങൾ നടത്തുന്ന സാമൂഹ്യപ്രവർത്തകനോ കൊല്ലപ്പെടുന്നത് ഇത്ര വലിയ വാർത്തയാക്കണോ? തീർച്ചയായും. നിഷ്പക്ഷമതികളായ എഴുത്തുകാർ ഒരു രാജ്യത്ത് നിലവിലിരിക്കുന്ന ജനാധിപത്യ മൂല്യങ്ങൾ ഉടവുതട്ടാതെ കാത്തുസൂക്ഷിക്കുന്ന കാവൽ മാലാഖമാരാണ്. ഭരണകൂടങ്ങൾക്ക് വഴിതെറ്റുമ്പോൾ ശക്തമായ മുന്നറിയിപ്പുനൽകി ശരിയായ പാതയിലേക്ക് മടക്കിക്കൊണ്ടുവരുന്ന ദേശത്തിന്റെ കാവൽക്കാരാണവർ. തൂലിക പടവാളാക്കിയ ഒരു എഴുത്തുകാരൻ നിർദ്ദയം നിശ്ശബ്ദമാക്കപ്പെട്ടാൽ, ആ സംഭവവുമയർത്തുന്ന അപായമണിയുടെ മുഴക്കങ്ങൾ നമ്മുടെ കണ്ണുകൾ തുറപ്പിക്കുവാൻ മാത്രം ശക്തമാണ്. അനീതിക്കെതിരെ ധീരതയോടെ ശബ്ദമുയർത്തുന്ന ഒരു എഴുത്തുകാരന്റെ രക്തസാക്ഷിത്വം ജനാധിപത്യമൂല്യങ്ങൾക്കുവേണ്ടി നിലക്കൊള്ളുന്ന ഒരു രാജ്യത്തിനേൽക്കുന്ന കനത്ത ആഘാതമാണ്.

ഒന്നു കാതോർത്താൽ നമുക്കിന്നും കേൾക്കുവാൻ കഴിയും. വലിയ വിലകൊടുത്തു നാം നേടിയ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ തൂലിക പടവാളാക്കി എന്ന ഏകകാരണത്താൽ എതിരാളികൾ നിശ്ശബ്ദരാക്കിയ ഒരു പിടി മനുഷ്യരുടെ ദീനരോദനങ്ങളുടെ പ്രതിധ്വനികൾ. അവരോടൊപ്പം, അക്രമങ്ങൾക്കും അനീതിക്കുമെതിരെ ശബ്ദമുയർത്തിയതിന്റെ പേരിൽ രക്തസാക്ഷിയായിത്തീർന്ന ഗൗരി ലങ്കേഷ് എന്ന ധീരവനിതയുടെ ഓർമ്മകൾ ഭാരതം നിലനില്ക്കുന്നിടത്തോളം കാലം ആയിരങ്ങൾക്ക് പ്രചോദനമേകും. സംശയമില്ല.

ഈ ചിന്തകൾ എന്നെക്കൊണ്ടെത്തിച്ചത് ഞാനുൾപ്പെടുന്ന പെന്തെക്കോസ്തുസമൂഹത്തിലാണ്. തൂലിക പടവാളാക്കി മാറ്റിയ എഴുത്തുകാർക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. ദൈവസഭയും നേതൃത്വവും തിരുവചനം അനുശാസിക്കുന്ന പാതയിൽ നിന്നും വ്യതിചലിക്കുമ്പോൾ അതിനെതിരെ തൂലികയിലൂടെ അപകടമണികൾ മുഴക്കി മുന്നറിയിപ്പു നൽകുകയാണ് ദർശനം പ്രാപിച്ച ഒരു എഴുത്തുകാരന്റെ പ്രധാന ദൗത്യം. ഈ ദൗത്യം എഴുത്തുകാർ വിശ്വസ്തതയോടെ നിർവ്വഹിക്കുമ്പോൾ അവർ നേതൃത്വത്തിന്റെ കണ്ണിൽ കരടാകുന്നത് സ്വാഭാവികം. തൽഫലമായി തൂലിക പടവാളാക്കിയവരെ മുളയിൽ തന്നെ നുള്ളുവാൻ ചിലർ ശ്രമിച്ചാൽ അതിൽ അത്ഭുതമില്ല. അവരുടെ വളർച്ച എന്തുവിലകൊടുത്തും തടയുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നവർ നമ്മുടെയിടയിൽ അത്രവിരളവുമല്ല.

സ്ഥാനമോഹങ്ങളും സ്ഥാപിത താല്പര്യങ്ങളുമില്ലാതെ നമ്മുടെ സമൂഹത്തെ തിരവചനസത്യങ്ങളിൽ ഉറപ്പിച്ചു നിർത്തുവാനുള്ള ലക്ഷ്യത്തോടെ തൂലിക ചലിപ്പിക്കുന്ന എഴുത്തുകാരെ കാണുവാൻ ഇന്ന് സൂക്ഷമദർശിനിയിലൂടെ നോക്കേണ്ടി വരുമെന്നുള്ളത്. നമ്മുടെ സമൂഹത്തിന്റെ അപചയത്തിലേക്ക് വിരൽ ചൂണ്ടുന്നു. എഴുത്തുകാരെ അവർഹിക്കുന്ന വിധത്തിൽ നമ്മുടെ സമൂഹം പ്രോത്സാഹിപ്പിച്ചില്ലെന്നുമാത്രമല്ല, അവരിൽ ചിലരുടെ ചിറകരിയേണ്ടത് ചിലരുടെ നിലനിൽപ്പിന് ആവശ്യമായി വന്നു. സ്ഥാനമാനങ്ങളും പദവികളും നൽകി മറ്റുചിലരുടെ വായടപ്പിച്ചു. ഈ ആരോപണങ്ങളിൽ എത്രത്തോളം വാസ്തവമുണ്ടെന്ന് അറിയില്ല. എങ്കിലും നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. എഴുത്തുകാർക്ക് വേരോട്ടമില്ലാത്ത ഊഷരഭൂമിയാണ് പെന്തെക്കോസ്തിന്റെ മണ്ണ്.

പെന്തെക്കോസ്തു സമൂഹം അംഗീകരിച്ച രണ്ടുശുശ്രൂഷകൾ മാത്രമാണ് ഇന്നുള്ളത്. സഭകൾക്കുള്ളിലും പൊതുവേദികളിലുമുള്ള വചനശുശ്രൂഷ. രണ്ടാമത്തേത്, പ്രവചനശുശ്രൂഷ. വചനത്തിന്റെ ആഴങ്ങളിലേക്കിറങ്ങി തിരുവചനമർമ്മങ്ങൾ അപഗ്രഥിച്ചുനൽകുന്ന വചനശുശ്രൂഷകളേക്കാൾ ഇന്ന് മാർക്കറ്റുള്ളത് വിടുതലിന്റെ ശുശ്രൂഷയ്ക്കാണ്. വചനത്തേക്കാൾ ബഹുഭൂരിപക്ഷത്തിനും ഇന്നാവശ്യം ശരീരത്തിന്റെ വിടുതലാണ്. കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ സമ്പന്നനാകുവാൻ പ്രവാചകനെ സഹായിക്കുന്ന ശുശ്രൂഷയാണ് പ്രവചനം.

പത്രപ്രവർത്തനരംഗത്തും സാഹിത്യപ്രവർത്തനരംഗത്തും നിലയുറപ്പിക്കുന്ന വിശ്വാസികൾ കാലക്രമേണ വേരറ്റുപോകുന്ന അവസ്ഥയാണിന്ന് പെന്തെക്കോസ്ത് സമൂഹത്തിലുള്ളത്. ഈ രംഗത്ത് നിലനില്ക്കണമെങ്കിൽ കുറഞ്ഞപക്ഷം ഒരു ഓർഡിനേഷൻ സർട്ടിഫിക്കെറ്റെങ്കിലും ഉണ്ടായിരിക്കണമെന്ന തിരിച്ചറിവ് ആർജ്ജിച്ചതുകൊണ്ടായിരിക്കാം 'പാസ്റ്റർ' എന്ന പദവി പേരിനോടു ചേർക്കാൻ നമ്മുടെ എഴുത്തുകാരിൽ പലരും നിർബന്ധിതരായത്. നാല്പതിലധികം എഴുത്തുകാർ പരിശുദ്ധാത്മപ്രേരണയാൽ മൂന്നു ഭാഷയിൽ മൂന്നുഭൂഖണ്ഡങ്ങളിരുന്നുകൊണ്ട് 1500–ൽ അധികം വർഷങ്ങൾകൊണ്ട് രചിച്ച വിശുദ്ധ വേദപുസ്തകം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന പെന്തെക്കോസ്തു സമൂഹം എഴുത്തുകാരെ ആത്മീക ശുശ്രൂഷകരായി അംഗീകരിക്കാത്തത് തികച്ചും വിരോധാഭാസം.

കാലത്തിന്റെ കാലൊച്ചകൾ ഉൾക്കൊണ്ട് ദൈവസഭയേയും നേതൃത്വത്തോയും നേർവഴി നയിക്കുവാൻ ആത്മനിറവുപ്രാപിച്ച എഴുത്തുകാർ നമ്മുടെയിടയിൽ നിന്നും ഈ ദിവസങ്ങളിൽ എഴുന്നേല്ക്കട്ടെ.

# ബാംഗ്ലൂർ ഐക്യ കൺവൻഷൻ സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 1 വരെ



പാസ്റ്റർ കെ. സി. ജോൺ



പാസ്റ്റർ സാം ജോർജ്ജ്



പാസ്റ്റർ ബാബു ചെറിയാൻ



പാസ്റ്റർ കെ. ജെ. മാത്യു



പാസ്റ്റർ ബെന്നിസൻ മത്തായി

**ബെംഗളൂരു:** ബാംഗ്ലൂരിലെ വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭകളിലെ വിശ്വാസികൾ ചേർന്ന് ഏബനേസർ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 1 വരെ കൊത്തന്നൂർ ഏബനേസർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രൗണ്ടിൽ വെച്ച് ബാംഗ്ലൂർ ഐക്യകൺവൻഷൻ നടത്തും. പാസ്റ്റർമാരായ ഡോ. കെ. സി. ജോൺ, സാം ജോർജ്ജ്, ബാബു ചെറിയാൻ, കെ. ജെ. മാത്യു, ബെന്നിസൻ മത്തായി എന്നിവർ പ്രസംഗിക്കും. വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭകളിലെ പ്രധാന ശുശ്രൂഷകർ അദ്ധ്യക്ഷരായിരിക്കും. ദിവസവും വൈകിട്ട് 5.30 മുതൽ ഗാനശുശ്രൂഷയും സുവിശേഷ പ്രസംഗവും നടക്കും. 29 വെള്ളി രാവിലെ 10 മുതൽ 1 വരെ പാസ്റ്റർ ബാബു ചെറിയാൻ നേതൃത്വം നൽകുന്നു. ബൈബിൾ ക്ലാസ്, ശനി രാവിലെ 10 മുതൽ യുവജനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക സമ്മേളനത്തിൽ പാസ്റ്റർ ബെന്നിസൺ മത്തായി പ്രസംഗിക്കും. പാസ്റ്റർമാരായ ജോൺസൺ വി. മാത്യു, ഷിബു ജോഷ്വാ എന്നിവരുടെ നേതൃത്വത്തിൽ ബി.യു.സി കോറസ് ഗാനങ്ങൾ ആലപിക്കും. കൺവൻഷൻ ജനറൽ കൺവീനർ റവ. ഡോ. എൻ. കെ. ജോർജ്, ജോയിന്റ് കൺവീനർ പാസ്റ്റർ ജോസ് മാത്യു എന്നിവരുടെ നേതൃത്വത്തിൽ പാസ്റ്റർമാരായ ബിജു ജോൺ, ജോസഫ് ജോൺ, ജേക്കബ് ഫിലിപ്പ്, ബ്രദർ ജോയ് പാപ്പച്ചൻ, ബ്രദർ ബെൻസൻ ചാക്കോ എന്നിവർ വിവിധ കമ്മറ്റികളിൽ പ്രവർത്തിക്കുന്നു. ബാംഗ്ലൂരിലെ വിവിധ സഭകളിലെ ശുശ്രൂഷകരും വിശ്വാസികളും കൺവൻഷനിൽ പങ്കെടുക്കും.

## ചർച്ച് ഓഫ് ഗോഡ് ചാരിറ്റി & വെൽഫയർ ബോർഡ്

# സഹായങ്ങൾ നൽകി




**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ ചാരിറ്റി & വെൽഫയർ ബോർഡ് സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്തു. ഡയറക്ടർ പാസ്റ്റർ ഷിജു മത്തായിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഓവർസിയർ പാസ്റ്റർ സി.സി.തോമസ് അർഹരായ ഒൻപതുപേർക്ക് ചികിത്സാസഹായവും, നാലു പേർക്ക് ഭവനം പണിയുന്നതിനുള്ള സഹായവും മൂന്നു പെൺകുട്ടികൾക്ക് വിവാഹ സഹായവും നൽകി. 2017ലെ വിപുല

03

## ചോദ്യോത്തരവേദി

# എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?

**ചോദ്യം:** യേശുക്രിസ്തു തന്റെ ശുശ്രൂഷാകാലത്ത് വാക്കിലും പ്രവൃത്തിയിലും ശക്തനായിരുന്നു. ഒരിക്കൽപോലും ബലഹീനനാകുകയോ, അർത്ഥമില്ലാത്ത വാക്കുകൾ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ കുരിശിൽ കിടന്നപ്പോൾ, **‘എനിക്കു ദാഹിക്കുന്നു’ ‘എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്’?** എന്നു യേശു പറഞ്ഞു. കുരിശിൽ കിടന്നപ്പോൾ ബലഹീനനായി, ദൈവം കൈവിട്ടതായി യേശുവിന് തോന്നിയോ?

**– ജൂബിൻ തങ്കച്ചൻ, മസ്കറ്റ്**



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ഉത്തരം:** കുരിശിൽ കിടന്നപ്പോൾ ദൈവം കൈവിട്ടതായി യേശുവിന് തോന്നിയിട്ടില്ല. തോന്നിയിരുന്നുവെങ്കിൽ, തന്റെകൂടെ ക്രൂശിക്കപ്പെട്ട, തന്നിൽ വിശ്വാസമർപ്പിച്ച ഒരു കള്ളനോട് ‘ഇന്ന് നീ എന്റെ കൂടെ പറുദീസായിലിരിക്കും’ എന്നു പറയുമായിരുന്നില്ല.

ന്യായപ്രമാണ പുസ്തകങ്ങളിലും, സങ്കീർത്തനങ്ങളിലും പ്രവാചക പുസ്തകങ്ങളിലും **വാഗ്ദത്ത മശിഹായെക്കുറിച്ച്** എഴുതിയിരിക്കുന്നതെല്ലാം നിവൃത്തിയാക്കുവാൻ യേശുക്രിസ്തു തന്റെ ശുശ്രൂഷ കാലത്ത് ശ്രദ്ധിച്ചിരുന്നു. ക്രൂശിൽ കിടക്കുന്ന സമയത്ത് **മനുഷ്യാവതാരമെടുത്ത വചനത്തിന്റെ** മനസ്സ് സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന യഹോവയുടെ പുസ്തകത്തിലെ **എഴുതപ്പെട്ട വചനങ്ങളിൽ** പരതി നടന്നു. ഇനിയും നിവൃത്തിയാകുവാനുള്ള തിരുവെഴുത്തുകൾ യേശു നോക്കിയപ്പോൾ 69-ാം സങ്കീർത്തനത്തിലെ 21-ാം വാക്യം യേശു കണ്ടു. അത് യേശുവിനെക്കുറിച്ചുള്ള ഒരു പ്രവചനമായിരുന്നു. അതിപ്രകാരമാണ്: ‘എന്റെ ദാഹത്തിന് അവർ എനിക്ക് ചൊറുക്കാ കുടിപ്പാൻ തന്നു” (സങ്കീർത്തനം 69:21).

ക്രൂശിക്കപ്പെടുന്നവർക്കു കുടിക്കുവാൻ കൊടുക്കുന്ന വളരെ കൈപ്പുള്ള ശരീരവേദന കുറയ്ക്കുന്ന ഒരുതരം വീഞ്ഞാണ് ചൊറുക്ക. ഈ പ്രവചനത്തിന്റെ നിവൃത്തിക്കായി ക്രൂശിൽ കിടന്നുകൊണ്ട് യേശു വിളിച്ചു പറഞ്ഞു: “എനിക്കു ദാഹിക്കുന്നു”. പുതിയനിയമ തിരുവെഴുത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. “അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നു എന്നു യേശു അറിഞ്ഞിട്ട് തിരുവെഴുത്ത് നിവൃത്തിയാകുംവണ്ണം എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു” (യോഹ. 19:28,29).

അവർ ചൊറുക്ക കുടിക്കാൻ കൊടുത്തു. **അങ്ങനെ ആ പ്രവചനവും നിറവേറി.**

**“എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്നെ കൈവിട്ടതെന്ത്? എന്ന് യേശു പറയുവാനുള്ള കാരണം.**

യേശുക്രിസ്തു ജനിക്കുന്നതിന് ഏതാണ്ട് ആയിരം വർഷങ്ങൾക്ക് മുമ്പ് ക്രൂശീകരണത്തെ വെളിപ്പെടുത്തുന്ന ഒരു പാട്ട് ദാവീദ് രാജാവ് എഴുതി. അതാണ് 22-ാം സങ്കീർത്തനം. ഈ സങ്കീർത്തനത്തിലാണ് യേശുവിന്റെ കൈകളും കാലുകളും തുളയ്ക്കുന്നതിനെക്കുറിച്ചും, വസ്ത്രം പകുത്തെടുക്കുന്നതിനെക്കുറിച്ചും അങ്കിക്കായി ചീട്ടിടുന്നതിനെക്കുറിച്ചും എഴുതിയിരിക്കുന്നത് (സങ്കീർത്തനം 22:16,18). അച്ചടി വിദ്യ കണ്ടുപിടിക്കുന്നതിന് മുമ്പ് പുസ്തകങ്ങളുടെ ലഭ്യത കുറവായിരുന്നതിനാൽ ആ കാലഘട്ടത്തിലെ യെഹൂദർക്ക് സങ്കീർത്തനങ്ങളെല്ലാം മനഃപാഠമായി ചൊല്ലുവാനറിയാമായിരുന്നു. സങ്കീർത്തനവായനയിൽ യെഹൂദാ ഉപദേഷ്ടാക്കന്മാരാണ് ആദ്യത്തെ വാക്യം വായിക്കുന്നത്. തുടർന്നുള്ള വാക്യങ്ങൾ വിശ്വാസികൾ എല്ലാവരും കൂടിയാണ് ചൊല്ലുന്നത്. യേശു അപ്രകാരം **22-ാം സങ്കീർത്തനത്തിന്റെ ഒന്നാം വാക്യമായ** ‘എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്നെ കൈവിട്ടതെന്ത്’ എന്നർത്ഥമുള്ള ‘ഏലി, ഏലീ, ലമ്മാ ശബക്താനി’ എന്ന് **ഉറക്കെ ചൊല്ലി.** 22-ാം സങ്കീർത്തനത്തിലെ ബാക്കിഭാഗങ്ങൾ അവിടെകൂടിയിരുന്ന യെഹൂദന്മാർ ചൊല്ലിയിരുന്നുവെങ്കിൽ കഴിഞ്ഞ ആയിരത്തോളം വർഷങ്ങൾ വാക്യപ്രതിവാക്യമായി വായിച്ചുകൊണ്ടിരുന്ന 22-ാം സങ്കീർത്തനത്തിലെ പ്രവചനങ്ങളാണിവിടെ നിറവേറുന്നത് എന്നവർക്ക് മനസ്സിലാകുമായിരുന്നു. വർഷങ്ങളായി തങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരുന്ന മശിഹായെ തങ്ങൾതന്നെയാണ് ക്രൂശിക്കുന്നത് എന്നവർക്ക് മനസ്സിലാകുമായിരുന്നു. ചോദ്യത്തിലുദ്ധരിച്ച രണ്ടു വാക്യങ്ങളും യേശുക്രിസ്തു നല്ല ബോദ്ധ്യത്തോടും ബോധത്തോടും എന്നാൽ ശാരീരിക ക്ഷീണത്തിലും ശാരീരിക തകർച്ചയിലും സംസാരിച്ചതാണ്. അപ്പോൾ ആർക്കും മനസ്സിലായില്ല എന്നു മാത്രമേയുള്ളൂ.

ഉയർത്തെഴുന്നേറ്റ യേശു എമ്മവുസിലേക്ക് പോയ ക്ലെയൊപ്പാവിനോടും കൂട്ടുകാരനോടും പറഞ്ഞത്: “അയ്യോ, ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതെല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ച് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ?” എന്നു ചോദിച്ചു (ലൂക്കോസ് 24:25). “പിന്നെ അവൻ ശിഷ്യന്മാരോട് പറഞ്ഞത് “....മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും **സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതൊക്കെയും നിവൃത്തിയാകണം** എന്നുള്ളതു തന്നെ” എന്നു പറഞ്ഞു (ലൂക്കോസ് 24:44).

**യേശുവിന്റെ ക്രൂശീകരണവുമായി ബന്ധപ്പെട്ടുള്ള പ്രവചനങ്ങൾ 22-ാം സങ്കീർത്തനത്തിൽ**

| പ്രവചനം (ബി. സി. 1000) | പൂർത്തീകരണം (എ. ഡി. 33) |
|---|---|
| 1) എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത് (സങ്കീ.22:1) | 1)...ഏലീ, ഏലീ, ലമ്മാ ശബക്താനി (മത്തായി 27:46) |
| 2) എന്നെ കാണുന്നവരൊക്കെയും എന്നെ പരിഹസിക്കുന്നു; അവർ..തലകുലുക്കുന്നു (സങ്കീ. 22:7) | 2) കടന്നുപോകുന്നവർ തല കുലുക്കി അവനെ ദുഷിച്ചു (മത്തായി 27:39) |
| 3) യഹോവയിൽ അവൻ ആശ്രയിക്കുന്നു; അവൻ അവനെ രക്ഷിക്കട്ടെ! (സങ്കീ. 22:8) | 3) ഇവൻ ദൈവത്തിൽ ആശ്രയിക്കുന്നു. അവന് ഇവനിൽ പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ വിടുവിക്കട്ടെ (മത്തായി.27:43) |
| 4) ഞാൻ വെള്ളം പോലെ തൂകിപോകുന്നു (സങ്കീ. 22:14) | 4) അവർ അവന്റെ വിലാപ്പുറത്തു കുത്തി; ഉടനേ രക്തവും വെള്ളവും പുറപ്പെട്ടു (യോഹ. 19:34) |
| 5) ....അവർ എന്റെ കൈകളും കാലുകളും തുളച്ചു (സങ്കീ. 22:16) | 5) ....എന്റെ കൈകളും കാലുകളും നോക്കി അറിയുവീൻ (ലൂക്കോ. 24:39) |
| 6) എന്റെ വസ്ത്രവും അവർ പകുത്തെടുക്കുന്നു എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു (സങ്കീ. 22:18) | 6) ....അവർ ചീട്ടിട്ട് അവന്റെ വസ്ത്രം പകുത്തെടുത്തു (മത്തായി 27:35) |

# സണ്ടേസ്കൂൾ സംസ്ഥാന ക്യാമ്പ് സമാപിച്ചു




**തിരുവനന്തപുരം:** ചർച്ച് ഓഫ് ഗോഡ് കേരളാ സംസ്ഥാന സണ്ടേസ്കൂൾ ക്യാമ്പ് സെപ്റ്റംബർ 5 മുതൽ 7 വരെ മണ്ണന്തല ജെ.എം.എം സ്റ്റഡി സെന്ററിൽ വച്ച് നടന്നു. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ ടി.എ. ജോർജ്ജ് ക്യാമ്പ് ഉത്ഘാടനം ചെയ്തു. പാസ്റ്റർ ജെ. ജോസഫ് മുഖ്യ സന്ദേശം നല്കി. പാസ്റ്റർ വത്സലദാസ് അദ്ധ്യക്ഷനായിരുന്നു. സണ്ടേസ്കൂൾ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ സാലു വർഗ്ഗീസ് നേതൃത്വം നല്കി.

വിവിധ സെഷനുകളിൽ ഡോ. ജെയിംസ് ജോർജ്ജ്, പാസ്റ്റർ ബിനു ഡൊമനിക്ക്, പ്രൊഫ. ബ്ലസ്സൻ ജോർജ്ജ്, ഡോ. സജി കെ.പി., പാസ്റ്റർ സാജൻ ജോയി തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. പാസ്റ്റർ സാംസൺ പി. ബേബി, സുവി. അരുൺ ജി.കെ., ഹിബിൻ അജിമോൻ, എബി ജോൺസൺ എന്നിവർ സംഗീത ശുശ്രൂഷക്ക് നേതൃത്വം നല്കി. 13 മുതൽ 17 വയസു വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട 100 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. 17 കുട്ടികൾ സുവിശേഷവേലക്കുവേണ്ടി സമർപ്പിക്കപ്പെടുകയും, 24 കുട്ടികൾ യേശുവിനെ തങ്ങളുടെ ജീവിതത്തിൽ കർത്താവായി സ്വീകരിക്കുകയും ചെയ്തു. തിരുവനന്തപുരം സണ്ടേസ്കൂൾ മേഖല ഭാരവാഹികൾ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

# നേതൃത്വ സെമിനാർ

ന്യൂ ഇന്ത്യാ ബൈബിൾ ചർച്ചിന്റെ പുത്രികാ സംഘടനയായ ന്യൂ ഇന്ത്യാ വിമൻസ് ഫെലോഷിപ്പിന്റെ ചുമതലയിൽ നേതൃത്വ സെമിനാർ 2017 സെപ്റ്റംബർ 26 ചൊവ്വ രാവിലെ 9.30 മുതൽ 2 വരെ നടത്തപ്പെടും. റവ. തോമസ് ഫിലിപ്പ് (പ്രസിഡന്റ്) ഉദ്ഘാടനം ചെയ്യും. ഡോ. ജെയിംസ് ജോർജ്ജ് (മഞ്ഞാടി) ക്ലാസ്സിന് നേതൃത്വം നൽകും. “മഹത്തായ പ്രേക്ഷിത ദൗത്യം” എന്നതാണ് ചിന്താവിഷയം. സഹോദരിമാരെ ആത്മീയ ശുശ്രൂഷകൾക്കായി ഒരുക്കിയെടുക്കുക, വിമൻസ് ഫെലോഷിപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടതിനും നേതൃത്വനിരയിലുള്ളവരെ ഉത്തരവാദിത്വമുള്ളവരാക്കി പ്രവർത്തനമേഖലയിൽ ഉത്സാഹവതികളാക്കുക എന്നതാണ് സെമിനാറിന്റെ ലക്ഷ്യം. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

## 01 ഓർത്തഡോക്സ് സഭ...

കൊണ്ടുവന്നു.

മുൻ കെജിബി ഏജന്റും റഷ്യൻ പ്രസിഡന്റുമായ വളാഡ്മീർ പുടിൻ ഓർത്തഡോക്സ് സഭയുടെ ഏറ്റവും ശക്തനായ പിന്തുണക്കാരനാണ്. കമ്മ്യൂണിസ്റ്റ് യുഗത്തിൽ നഷ്ടപ്പെട്ടുപോയ സഭയുടെ പ്രതാപവും സ്വത്തും തിരിച്ചുപിടിക്കാൻ സഹായിക്കുന്നതും പുടിനാണ്.

റഷ്യയിൽ ബോൾഷെവിക്ക് വിപ്ലവത്തിന് കാരണമായ ദുർഭരണം സമ്മാനിച്ച സാർ ചക്രവർത്തി- സഭാ കൂട്ടുകെട്ടുപോലെയുള്ള ഒരു ബന്ധം ആണ് ഇപ്പോൾ സഭയും ഗവൺമെന്റും തമ്മിൽ ഉള്ളതെന്ന് വിമതർ ആരോപിക്കുന്നു. സാർ ചക്രവർത്തിമാരെ അവരോധിച്ചത് ദൈവമാണെന്ന് സഭ പഠിപ്പിച്ചുപോന്നു. അതുപോലെ പുടിനേയും നിയമിച്ചത് ദൈവിക പദ്ധതിയിലൂടെയാണെന്ന് ഇന്നത്തെ സഭാ നേതൃത്വവും ഗവൺമെന്റും പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു.

എഴുപത് വർഷം നീണ്ട കമ്മ്യൂണിസ്റ്റ് ഭരണത്തിൽ സഭ പീഡിപ്പിക്കപ്പെട്ടു. ഏകദേശം രണ്ട് ലക്ഷം പുരോഹിതർ ഈ കാലയളവിൽ വധിക്കപ്പെട്ടു. മാത്രമല്ല 41000 സഭാ മന്ദിരങ്ങൾ തകർക്കപ്പെട്ടു.

ഇത്രമാത്രം പീഡിപ്പിക്കപ്പെട്ട ഒരു സഭാ ഇപ്പോൾ ന്യൂനപക്ഷങ്ങളേയും, മറ്റ് വിശ്വാസ സമൂഹങ്ങളേയും പീഡിപ്പിക്കാനിറങ്ങുന്നത് വിരോധാഭാസമാണ്.

റഷ്യൻ ഓർത്തഡോക്സ് സഭ റഷ്യക്കാർക്ക് ദേശീയതയുടെ ചിഹ്നം ആണ്. അതുകൊണ്ട് തന്നെ ഓർത്തഡോക്സ് അംഗങ്ങളിൽ 30% പേർ നിരീശ്വരവാദികളാണ്. കപട ദേശീയത പ്രചരിപ്പിച്ച് ഓർത്തഡോക്സ് സഭയും ഗവൺമെന്റും ന്യൂനപക്ഷങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ രാഷ്ട്രീയ-ചരിത്ര നീരക്ഷകർ ഒരു കാര്യം സമ്മതിക്കുന്നു. സഭയും ഗവൺമെന്റും ചരിത്രത്തിൽ നിന്ന് ഒന്നും പഠിച്ചിട്ടില്ല എന്ന സത്യമാണിത്.

## 03 പുസ്തക നിരൂപണം...

4) യേശു ചെറുപ്പത്തിലെ മായാജാലം അഭ്യസിച്ചെന്നും, പിന്നീട് അത്ഭുതങ്ങൾ ചെയ്തത് ഇതിന്റെ പിൻബലത്തിലാണെന്നുമാണ് നോവലിൽ, യാതൊരു അടിസ്ഥാനവുമില്ല, തെളിവുകളുമില്ല.

5) മറിയക്കുണ്ടായ ഇരട്ടക്കുട്ടികളിൽ ഒന്നിനെ (യോഹന്നാൻ) എലിസബേത്തിന് നൽകി എന്നാണ് കഥ. പക്ഷെ, യേശുവിന്റെ ജനനസമയത്തുണ്ടായ ചരിത്ര സംഭവങ്ങളെപ്പറ്റി എഴുത്തുകാരി മൗനം പാലിക്കുന്നു.

6) യേശുവിന് പകരം യോഹന്നാനെ ക്രൂശിച്ചിട്ട്. മൂന്ന് ദിവസം കഴിഞ്ഞ് യേശുവിനെ ഉയിർത്തവനായി അവതരിപ്പിക്കുക എന്നതായിരുന്നു അരിമത്യ യോസഫിന്റെ പദ്ധതി യേശുവിനെ കൊല്ലാം എന്ന് സന്നിദ്രി സംഘത്തിൽ പറയുന്നതും യോസഫ് തന്നെ.

7) ഹോശന്നാ ദിനത്തിൽ യേശു അറിയാത്ത വേഷപ്രച്ഛന്നനായി കഴുതപ്പുറത്ത് വരുന്നത് യോഹന്നാനാണ്. അല്പം പോലും യുക്തിയില്ലാത്ത ഭാവന

8) ക്രൂശിക്കപ്പെടുന്ന യോഹന്നാനെ മൂന്ന് ദിവസം കൊണ്ട് മരുന്നും, ചികിത്സയും നല്കി സൗഖ്യമാക്കി പൂർവ്വസ്ഥിതിയിലാക്കാം എന്ന യോസഫിന്റെ ചിന്തയും മൗഢ്യം തന്നെ.

എന്തൊക്കെയാണെങ്കിലും, ബെഥാന്യയിലെ മറിയയും യേശുവും തമ്മിലുള്ള ബന്ധത്തെ (പ്രണയത്തെ) മോശമായോ പരിധി വിട്ടോ ചിത്രീകരിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

ചുരുക്കത്തിൽ, ഒറ്റവായനയിൽ തന്നെ പൊള്ളത്തരം വെളിപ്പെടുന്ന ഒരു ‘ഭാവനാസൃഷ്ടിയാണ്’ ‘ദൈവാവിഷ്ടർ’. ഒരു യാഥാസ്ഥിതിക മത വിശ്വാസിക്കും, ക്രിസ്തു ഭക്തരർക്കും ഇത് വായിച്ചാൽ പുച്ഛം തോന്നുന്നതല്ലാതെ രോഷം കൊള്ളുമെന്ന് തോന്നുന്നില്ല.

# ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗവും

**പുനലൂർ:** ഐപിസി പുനലൂർ സെന്റർ സോദരീസമാജത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 13ന് നെല്ലിപ്പള്ളി ഹെബ്രോൺ ഹാളിൽ ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗവും നടന്നു. പാസ്റ്റർ ബിജു റ്റി. ഫിലിപ്പ് അധ്യക്ഷത വഹിച്ചു. സിനി എബ്രഹാം, എൽസമ്മ ചെറിയാൻ, പാസ്റ്റർ റോയി ജോൺ എന്നിവർ പ്രസംഗിച്ചു. ജെസി ബിജു, ലിസിക്കുട്ടി ഏബ്രഹാം, ശാന്തമ്മ കുട്ടപ്പൻ എന്നിവർ നേതൃത്വം നൽകി. സഹോദരിമാരായ അന്നമ്മ ജോർജ് (പ്രസിഡന്റ്), സിനി എബ്രഹാം (വൈസ് പ്രസിഡന്റ്), ജെസി ബിജു (സെക്രട്ടറി), ശോശാമ്മ ഏബ്രഹാം (ജോ. സെക്രട്ടറി), ശാന്തമ്മ കുട്ടപ്പൻ (ട്രഷറർ) എന്നിവർ സെന്റർ സോദരീ സമാജത്തിന് നേതൃത്വം നൽകുന്നു.

# നിത്യതയിൽ



**എ.ജെ. മാത്യു (കുഞ്ഞുകുഞ്ഞ് 91)**

**കുമ്പനാട്:** ആര്യപ്പള്ളിൽ പരേതനായ പാപ്പിച്ചാന്റെ മകനും ഐപിസി എലീം കുമ്പനാട് സഭാംഗവുമായ എ.ജെ. മാത്യു (കുഞ്ഞുകുഞ്ഞ് 91) സെപ്റ്റംബർ 2–ാം തീയതി ശനിയാഴ്ച നിത്യതയിൽ. ഭാര്യ: തങ്കമ്മ കുഴിക്കാല ചരിവുപറമ്പിൽ (താഴയിൽ) കുടുംബാംഗമാണ്. മക്കൾ: ജോൺ മാത്യു (ബാജി), റോസമ്മ, ജെയിംസ്, ജസിമോൾ (ഒക്കലഹോമ, യു.എസ്.എ.). മരുമക്കൾ: രമ, തങ്കച്ചൻ, റോളി, തമ്പിക്കുഞ്ഞ്. സംസ്കാരം ശുശ്രൂഷകൾ കുമ്പനാട് ഐപിസി എലീം സഭാഹാളിൽ വെച്ച് നടത്തിയശേഷം എലീം സെമിത്തേരിയിൽ സംസ്കാരം നടത്തി.



**ആലീസ് കോശി (62)**

**കടപ്ര (മാന്നാർ):** ഐപിസി ചെങ്ങന്നൂർ സെന്റർ വൈ. പ്രസിഡന്റും, നിരണം യു.പി.എഫ്. ആക്ടിംഗ് പ്രസിഡന്റും മഴുക്കീർ സഭാശുശ്രൂഷകനുമായ പാസ്റ്റർ കെ.പി. കോശിയുടെ സഹധർമ്മിണി ആലീസ് കോശി (62) ഓഗസ്റ്റ് 31 ന് നിത്യതയിൽ. സംസ്കാരം വളഞ്ഞവട്ടം സഭാസെമിത്തേരിയിൽ നടത്തി. പാസ്റ്റർമാരായ എം.വി.വറുഗീസ്, ജേക്കബ് കെ. ജോൺ എന്നിവരുടെ നേതൃത്വത്തിൽ നടത്തി.

ശുശ്രൂഷകളിൽ, പാസ്റ്റർമാരായ കെ. സി. ജോൺ, രാജു പൂവക്കാല, ഷിബു നെടുവേലി, സി.സി.ഏബ്രഹാം, തോമസ് എം. പുളിവേലി, ബോസ് എം. കുരുവിള, ജോൺസൺ കെ. ശാമുവേൽ, ഡോ. ടി.സി.കോശി, ഏബ്രഹാം ജോർജ്ജ്, എം. പി. ജോർജ്ജുകുട്ടി, പ്രഫ. മാത്യു പി. തോമസ് (ഐ.സി.പി.എഫ്.), ബ്രദർ ഷാജി ജോർജ്ജ് തുടങ്ങി ഒട്ടനവധി കർത്തൃദാസന്മാരും, രാഷ്ട്രീയ, സാമൂഹിക മണ്ഡലത്തിലെ നിരവധി ആളുകളും സംബന്ധിച്ചു സംസാരിച്ചു. പാസ്റ്റർമാരായ ജോസ് പാപ്പച്ചൻ, ജോസഫ് വറുഗീസ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. പാസ്റ്റർ ജിനു ജോർജ്ജ് (ഐപിസി കർമ്മേൽ, ദുബായ് സഭാശുശ്രൂഷകൻ) സഹോദര പുത്രനാണ്.



**മേരി ചാക്കോ (76)**

**റാന്നി:** റാന്നി വട്ടാർകയം (മന്ദമരുതി) കണ്ണങ്കര പരേതനായ കെ. റ്റി. ചാക്കോ സാറിന്റെ (മുൻ ടീച്ചർ MCUP സ്കൂൾ മന്ദമരുതി & മുൻ പാസ്റ്റർ ശാലേം ചർച്ച് ഓഫ് ഗോഡ് വട്ടാർകയം) ഭാര്യയും ചെല്ലക്കാട് സെന്റ് തോമസ് എൽ.പി.സ്കൂൾ അധ്യാപികയുമായിരുന്ന ശ്രീമതി മേരി ചാക്കോ (76) നിത്യതയിൽ. പരേത കുമ്പനാട് അടപ്പനാംകണ്ടത്തിൽ കുടുംബാംഗമാണ്. മക്കൾ ഷേർളി, പാസ്റ്റർ ഷാന്റി ചാക്കോ (പ്രൊഫസർ കാരുണ്യ യൂണിവേഴ്സിറ്റി), ഷൈനി, ഷോളി (ന്യൂയോർക്ക്). മരുമക്കൾ: ഷാജി (മതിലുങ്കൽ), അജി (ഒലവക്കോട്), ജോർജ്കുട്ടി കണികുളത്ത് തോന്ന്യാമല, ഷിബു ഊര്യ കുന്നത്ത്, ഇരവിപേരൂർ (ന്യൂയോർക്ക്). സംസ്കാര ശുശ്രൂഷകൾക്ക് സ്റ്റേറ്റ് ഓവർസിയർ റവ. സി. സി. തോമസ് നിർവ്വഹിച്ചു. പാസ്റ്റർ വി. എ. മാത്യു ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സംസ്കാരം സഭാ സെമിത്തേരിയിൽ നടത്തി.

# പി.വൈ.പി.എ. സുവിശേഷറാലി



**ഇടുക്കി:** ഐ.പി.സി. ഇടുക്കി നോർത്ത് സെന്റർ പി.വൈ.പി എ യുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 5 ന് സുവിശേഷ വാഹനറാലി നടന്നു.അടിമാലിയിൽ നിന്നും രാവിലെ 9ന് ആരംഭിച്ച വാഹനറാലി നിരവധി സിറ്റികളിൽ പരസ്യയോഗവും ട്രാക്ട് വിതരണവും നടത്തി വൈകിട്ട് 6 ന് കമ്പിളികണ്ടത്ത് സമാപിച്ചു. സെൻർ പാസ്റ്റർ ജോയി പെരുമ്പാവൂർ റാലി ഉദ്ഘാടനം ചെയ്തു. ബ്രദർ.ഏലിയാസ്, ബ്രദർ സെബാസ്റ്റ്യൻ, ഇവാ. ഷിജു ആന്റണി, പാസ്റ്റർ വി.റ്റി.തോമസ്, പാസ്റ്റർ സേവ്യർ, പാസ്റ്റർ മനോജ്, പാസ്റ്റർ ബാബു എന്നിവർ പ്രസംഗിച്ചു. സിസ്റ്റർ.കെസിയ, ബ്രദർ.ആഷിഷ്, ബ്രദർ ഷെറി എന്നിവർ ഗാനങ്ങൾ ആലപിച്ചു. ഇവാ. അഭിലാഷ് (പ്രസിഡന്റ്), ഇവാ. ഷിജു ആന്റണി (സെക്രട്ടറി), ബ്രദർ ആഷിഷ് എന്നിവർ റാലിയ്ക്ക് നേതൃത്വം നൽകി.

# സംസ്ഥാന ജനറൽ ക്യാമ്പ്



**പായിപ്പാട്:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിന്റെ പുത്രിക സംഘടനകളായ സണ്ടേസ്കൂളിന്റെയും യൂത്ത് ഫെലോഷിപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംസ്ഥാന ജനറൽ ക്യാമ്പ് 2017 സെപറ്റംബർ 5–7 വരെ തീയതികളിൽ പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ചാപ്പലിൽ നടന്നു. സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിന്റെ വിവിധ സെഷനുകളിൽ പാസ്റ്റന്മാരായ എൻ. സി.ജോസഫ്, ഷാജി സി.ഡി., വി. സി. യോഹന്നാൻ, അനീഷ് കൊല്ലം, ജോബി കെ. സി., ഷിബു കെ. ജോൺ, ജോബിൻ ശമുവേൽ, സിസ്റ്റർ സിന്ധു ഗിരിജൻ എന്നിവർ ശുശ്രൂഷിച്ചു.

ഗാനപരിശീലനം, പവ്വർമീറ്റിംഗ്, ഗ്രൂപ്പ് ചർച്ച, പേരന്റ്സ് മീറ്റിംഗ്, ബൈബിൾ ഗയിമുകൾ, കൗൺസിലിംഗ്, താലന്ത് പരിശോധന എന്നീ പ്രോഗ്രാമുകൾ നടത്തപ്പെട്ടു. "യൗവ്വന മോഹങ്ങളെ വിട്ടോടുക" എന്നതായിരുന്നു ക്യാമ്പിന്റെ ചിന്താവിഷയം. സ്പിരിച്വൽ ട്രമ്പറ്റ് ഗാനശുശ്രൂഷ ജോർജ് ചാക്കോ, കെ. ഐ. സ്റ്റാലിൻ, സാം യോഹന്നാൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും.

# കവിത



ബ്രദർ ബേസിൽ വർഗീസ്

## ക്രിസ്തുമാർഗ്ഗം

എന്തു നാമീലോകെ നേടിയെന്നാകിലും
വിട്ടു നാം പോകേണം സർവ്വ ത്യജിച്ചിഹേ
അക്കരെനാടിന്നായാശയോടെ-
കാത്തുനാമിദ്ധരെ പാർത്തിടേണം
നേരിന്റെ മാർഗ്ഗം ത്യജിച്ചിടാതെ-
യെന്നും നടക്ക നാം ക്രിസ്തു മാർഗേ...

ശ്രേഷ്ഠരെന്നുള്ളിൽ നിനച്ചതാം മർത്യരി-
ന്നില്ലയീഭൂവിലെന്നോർക്കേണം നാം....
നിത്യമായ് ലോകത്തെ വാഴുവാനിച്ഛിച്ചു-
യുദ്ധങ്ങളേറെയായ് ചെയ്ത രാജാക്കളും
മൃത്യുവിന് മുമ്പിലായായുധം വെച്ചവരാ-
ശകളില്ലാതെ പ്രാണൻ ത്യജിച്ചവർ....

തിന്മകളേറെ നാമേൽക്കുകിൽ നിശ്ചയം
സ്വർഗ്ഗീയ നന്മകളേറെ നാം നേടിടും....
തിന്മക്കു തിന്മകൾ ചെയ്യാതെ നാം നമ്മെ-
സൂക്ഷിക്ക വേണമീലോകെയെന്നും..
സഹനമാണേശുവിൻ മാർഗ്ഗത്തെയീലോകെ-
മാറ്റുള്ളതാക്കുന്നതോർക്കയെന്നും...

ക്രിസ്തുവിന് മാർഗ്ഗം ത്യജിച്ചിഹെ ശിഷ്യർക്കു-
ആനന്ദജീവിതം സാദ്ധ്യമെന്നോ???
ലോകമോഹങ്ങൾക്കടിപ്പെടാതെ-
ജീവിതമീലോകേ ചെയ്ക വേണം....
ആത്മീയദർശനമുള്ളിലുള്ളോർ
കാത്തിടുമേശുവിന് മാർഗ്ഗമെന്നും...

കാറ്റിലുലയാതെ ചൂടേറ്റുവാടാതെ
നിൽക്കുവാനാകുമോ നാഥനെക്കൂടാതെ???
ശത്രുവിൻ ശക്തികളെയ്യുന്നയമ്പുക-
ളേറ്റു നാം വീഴാതിരിക്കുവാനേശുവിൻ-
ചാരെയണയേണം തന്നിൽ മറയേണം-
നിത്യം നടക്കേണം കർത്തൻ തൻ പാതയിൽ...

CHURCH OF GOD
UMM Al Quwain (UAE)
WORSHIP
Friday 11am - 1.30pm
COTTAGE MEETING
Saturday 8pm - 9.30pm
E-mail: churchofgoduae@gmail.com


Pr. Binu Thomas Ph: 00971-505516735
Pr. John Koshy Ph: 00971-559270602

Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും

പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959

Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 18

BELIEVERS JOURNAL

PUBLISHED ON 25/09/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

ഉൾക്കാഴ്ചകൾ

# സംവാദങ്ങൾ കൊണ്ട് എന്തുനേട്ടം?



അനിൽ കൊടിത്തോട്ടം

ദൈവിക ത്രിയേകത്വം സംബന്ധിച്ച് ഷാർജയിൽ മൂന്നു ദിവസത്തെ സംവാദം, പിന്നീട് ഓൺലൈൻ ചർച്ചകൾ, കൃപാവരങ്ങളുടെ കാലിക പ്രസക്തി സംബന്ധിച്ചു നാലു സംവാദങ്ങൾ, ഇവ കൊണ്ട് എന്തുനേടി?

കൺവൻഷൻ, പരസ്യയോഗം, ട്രാക്റ്റ് വിതരണം ഇവയൊക്കെ കഴിഞ്ഞിട്ടും നാം ഇത്തരം വിലയിരുത്തൽ നടത്താറുണ്ട്. വേദപുസ്തകവീക്ഷണത്തിൽ ഈ നിലപാട് അപ്രസക്തമാണ്. വിശാലമായ ഒരു പെട്ടക നിർമ്മാണവും, സുദീർഘനാളത്തെ നീതിപ്രസംഗവും നടത്തിയിട്ട് നോഹ എന്തുനേടി? എട്ടുപേർ, അതും കുടുംബാംഗങ്ങൾ. പൗലോസിന്റെ അഥേനയിലെ തീപ്പൊരിപ്രസംഗം എന്തുഫലമുണ്ടാക്കി?

ആത്മവിമർശനം നല്ലതെങ്കിലും അത് മുൻവിധി നിറഞ്ഞതാകരുത്. നമ്മിലെ പ്രത്യാശയെക്കുറിച്ച് ചോദിക്കുന്നവർക്ക് ഭക്തിയധിഷ്ഠിതവും സൗമ്യത പൂണ്ടതുമായ ന്യായവാദം കഴിക്കലാണ് സംവാദം. പെന്തെക്കോസ്തുനാളിൽ ദൈവസഭ രൂപീകൃതമായ ശേഷം ആദ്യം നടന്ന, പത്രൊസിന്റെ പ്രസംഗംപോലും സംവാദസ്വഭാവമുള്ളതായിരുന്നു.

സൈമൺ സാർ മലങ്കര വിയോജിതൻ പ്രസ്ഥാനം ആരംഭിക്കുന്നത് മർത്തോമാ സഭകളെ വിശ്വാസസ്നാനം സംബന്ധിച്ച് സംവാദത്തിൽ പരാജയപ്പെടുത്തി ആയിരുന്നു. പെന്തെക്കോസ്തു സഭകളുടെ ആദ്യകാല പിതാക്കന്മാരായ പാസ്റ്റർ കെ. ഇ. എബ്രഹാം, ഏ. ആർ. റ്റി അതിശയം, റ്റി. ജി. ഉമ്മൻ, ഈ കർത്തൃദാസന്മാർ ബ്രദറൺകാരുമായി സംവാദത്തിൽ ഏർപ്പെട്ടിരുന്നു.

ബ്രദറൺ സംവാദത്തോടെ എനിക്ക് ബാഹ്യലോകത്ത് വല്ലാതെ ശത്രുക്കൾ വർദ്ധിച്ചു. അതുവരെ ഹൃദയംഗമായ ബന്ധം പുലർത്തിയ പല ബ്രദറൺ സുഹൃത്തുക്കളും വല്ലാതെ അകന്ന് ഒരു പാപിയെപ്പോലെ എന്നെ കാണാൻ തുടങ്ങി. വാസ്തവത്തിൽ ഈ വാദപ്രതിവാദം തുടങ്ങി വയ്ക്കുന്നത് ഞാനല്ല. പെരുമ്പാവൂരിലെ ഒരു കൺവൻഷനിൽ പ്രസംഗിക്കേ, കൃപാവരങ്ങൾ നിലച്ചിട്ടില്ല എന്ന് ഉറപ്പിച്ചു പറഞ്ഞ ഈയുള്ളവനോട് യോഗാനന്തരം ചർച്ചയിൽ ഏർപ്പെട്ട ബ്രദറൺ സുവിശേഷകൻ സ്റ്റാൻലിയാണ്. അദ്ദേഹം മുൻകൈ എടുത്ത് പെരുമ്പാവൂർ സാംസൺ ആഡിറ്റോറിയത്തിലും, മൂവാറ്റുപുഴ എബനേസർ ബൈബിൾ കോളജിലും രണ്ട് സംവാദങ്ങൾ നടത്തി. പിന്നീടും രണ്ട് സംവാദങ്ങൾ. ഇവയിലൊന്നും ബ്രദറൺകാർക്ക് ആഹ്ളാദിക്കാൻ വകയുണ്ടായില്ല.

കനത്ത തിരിച്ചടി നേരിട്ട ജാള്യത മറയ്ക്കാൻ ഓൺലൈനിൽ അസഭ്യവർഷം ചൊരിഞ്ഞ് അവരുടെ എഫ്. ബി. കൂട്ടായ്മകൾ രംഗത്തു വന്നു. പക്ഷേ, ഇതുവരെ നടന്ന സംവാദങ്ങളുടെ ഫലമായി കരുത്തരായ ചില ബ്രദറൺ യുവാക്കൾ വചനസത്യങ്ങളുടെ പൊരുളിലേക്ക് ആനയിക്കപ്പെട്ടു എന്നതാണ് സന്തോഷകരമായ വസ്തുത.

പരിശുദ്ധാത്മ പ്രവൃത്തികളെയും ദൈവവചന സത്യങ്ങളേക്കാളും, സൈമൺ സാറും, ജെ. എൻ. ഡാർബിയും പറയുന്ന കാര്യങ്ങളിലെ ശരിതെറ്റുകൾ വിവേചിക്കാതെ അപ്പാടെ ഉൾക്കൊണ്ടതാണ് ഈ സുഹൃത്തുക്കൾക്ക് പിണഞ്ഞ അബദ്ധം.

കേരളത്തിൽ ബ്രദറൺ-ബാപ്റ്റിസ്റ്റ് സഭകൾ നന്നേ ശോഷിച്ചുപോയി. ഇംഗ്ലണ്ടിൽ അവരുടെ ഹാളുകൾ വില്പനക്കു വച്ചിരിക്കുന്നു. അമേരിക്കയിൽ ബാപ്റ്റിസ്റ്റുകൾ വൻതോതിൽ മുസ്ലീങ്ങളായി മതപരിവർത്തനം ചെയ്യുന്നു. ആത്മ നടത്തിപ്പുകളെ അവഗണിക്കുന്ന ഒരു സമൂഹത്തിന്റെ സ്വാഭാവിക പതനം!

ദൈവവചനത്തിന്റെ പഠനത്തിനും ധ്യാനത്തിനും അനിവാര്യമായിരിക്കുന്നത് സ്വതന്ത്രചിന്തയും പരിശുദ്ധാത്മ നിയോഗവുമാണ്. അത് ലംഘിച്ചുകൊണ്ട് പ്രസ്ഥാനങ്ങളുടെ തിയോളജികളെ അന്ധമായി പിന്തുടരാൻ വചനം വളച്ചൊടിക്കുന്നവർ ഒരു സ്വയ വിമർശനത്തിനു തയ്യാറാകട്ടെ.

ലേഖനം

# മാറുന്ന സാമൂഹിക പ്രവണതകൾ



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709, 7561800305

ആഗോളവത്കരണവും, ഉദാരവത്കരണം, നഗരവത്കരണവും തുറന്നിട്ട പുത്തൻ പാതകളിലൂടെ പാശ്ചാത്യ സംസ്കാരത്തിന്റെ ജീർണതകൾ എവിടെയും നടമാടുകയാണ്. നോഹയുടെ കാലം പോലെ അധാർമികതയുടെ മറ്റൊരു ഭാവം ലോകത്തിൽ എങ്ങും കാണുവാൻ കഴിയുന്നു. പുത്തൻ സംസ്കാരാനുകരണത്തിന്റെ ഭാഗമായി ചാറ്റിംഗിൽ തുടങ്ങി ഡേറ്റിംഗിലൂടെ സഞ്ചരിച്ച് ലിവിംഗ് ടുഗദർ അഥവ ഒന്നിച്ച് ജീവിക്കുക എന്ന വ്യവസ്ഥിതിയിലേക്ക് ഇന്നത്തെ സമൂഹം എത്തിച്ചേർന്നു. നിയമപ്രകാരം വിവാഹം കഴിക്കാതെ പ്രായപൂർത്തിയായ ഒരു പുരുഷനും സ്ത്രീയും ഒന്നിച്ചു താമസിക്കുന്നതിനെയാണ് ലിവിംഗ് ടുഗെതർ എന്ന് പറയുന്നത്. മിക്ക മെട്രോ നഗരങ്ങളിലും വർഷങ്ങൾക്ക് മുമ്പ് തന്നെ ലിവിംഗ് ടുഗെതർ എന്ന ആശയം നിലനിൽക്കുന്നുണ്ട്. നമ്മുടെ വ്യവസ്ഥിതിയൽ മാറുന്ന സാമൂഹിക സാഹചര്യങ്ങളാണ് ഇത്തരം ജീവിത രീതികൾക്ക് കാരണമാകുന്നത്. ഒരുവശത്ത് സാമൂഹിക പ്രവർത്തകരായ ചിലർ അത് അംഗീകരിക്കണം എന്ന് പറഞ്ഞ് രംഗത്തു വരുന്നു. ലിവിംഗ് ടുഗെദർ എന്ന ആശയത്തെ അംഗീകരിക്കാൻ ഏവരും തയ്യാറാകണമെന്ന് അവർ പറയുന്നു. കാരണം മാറുന്ന സാമൂഹിക. സാമ്പത്തിക, സാംസ്കാരിക സാഹചര്യങ്ങൾ അംഗികരിക്കുവാൻ സമൂഹം തയ്യാറാകണം. സാമൂഹിക മൂല്യങ്ങൾ ഉയർത്തിപിടിച്ച് ലിവിംഗ് ടുഗദറിനെതിരെ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിനേക്കാൾ നല്ലത് അതിനെ അംഗീകരിക്കുന്നതല്ലേ നല്ലതെന്ന് അവർ ചോദിക്കുന്നു. എന്നാൽ മറുവശത്ത് ഒരു സമൂഹം ആളുകൾ അതിനെ അംഗീകരിക്കാതെ ശക്തമായ പ്രക്ഷോഭങ്ങളാണ് നടക്കുന്നത്. ഏറ്റവും അടുത്ത് കേരളത്തിൽ ഉണ്ടായ ഒരു സംഭവം തന്നെ അതിന് ഏറ്റവും വലിയ ഉദാഹരണം. കഴിഞ്ഞ ജനുവരിയിലാണ് പഠനത്തിൽ മിടുക്കിയായ ഇംഗ്ലീഷ് ബിരുദ വിദ്യാർഥി കോളെജിലെ സഹാഠിയുമൊത്ത് ലിവിംഗ് ടുഗെദർ ആരംഭിച്ചത്. ആറ് മാസങ്ങൾക്ക് ശേഷം വിദ്യാർഥികളെ കാണാനില്ലെന്ന് കാണിച്ച് ഇവരുടെ മാതാപിതാക്കൾ പൊലീസിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കോളെജ് അധികൃതർ നടപടി സ്വീകരിക്കുകയും കോളെജിൽ നിന്നും വിദ്യാർത്ഥികളെ അനിശ്ചിത കാലത്തേക്ക് സസ്പെൻഡ് ചെയ്യുകയും ചെയ്തു. ഇതിനെതിരെ വിദ്യാർത്ഥികൾ ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും അനുകൂലമായ വിധി സമ്പാദിക്കുവാൻ അവർക്കായില്ല. എന്നാൽ ലിവിംഗ് ടുഗദർ സംസ്കാരത്തെ തള്ളിക്കളയുവാൻ ഹൈക്കോടതി തയ്യാറായില്ല എന്നത് ശ്രദ്ധേയമായ കാര്യമാണ്. അതിനിടയിൽ പൊതുപ്രവർത്തകരുടെ സ്വകാര്യ ജീവിതത്തിൽ ഇടപെടുന്നത് കോടതി അലക്ഷ്യമാണോ എന്ന വിഷയം പരിശോധിക്കുന്നതിനിടെ സുപ്രീം കോടതി നടത്തിയ നിരീക്ഷണം ശ്രദ്ധേയമാണ്. വിവാഹം കഴിക്കാതെ രണ്ടുപേർ ഒരുമിച്ച് താമസിക്കുന്നത് തെറ്റല്ലെന്നാണ് പരമോന്നത നീതിപീഠത്തിന്റെ നിരീക്ഷണം. വിവാഹം കഴിക്കാതെ സ്ത്രീയും പുരുഷനും ഒരുമിച്ച് കഴിയുന്നത് മോശം കാര്യമല്ല. ഇത്തരം ബന്ധങ്ങളെ സമൂഹം സ്വീകരിച്ചുകഴിഞ്ഞു. അതുകൊണ്ട് തന്നെ ഇത്തരം ബന്ധങ്ങളെ കുറ്റകരമായി കാണാനാകില്ലെന്നും കോടതി പറഞ്ഞു. ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഇത്തരം ജീവിതരീതികൾ. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഇത് ഇൻഡ്യയിൽ ആരംഭിച്ചിട്ട് തന്നെ മുപ്പത് വർഷങ്ങൾ കഴിഞ്ഞു. ഇത്തരം ജീവിതരീതികളെ ന്യായികരിക്കുന്നവർ നിരത്തുന്ന വാദം എല്ലാ ബന്ധങ്ങളും നൈമിഷികങ്ങളായി മാറുന്നു. ഒരു കാലത്ത് ഏറ്റവും കെട്ടുറപ്പുണ്ടെന്ന് വിശ്വസിച്ചിരുന്ന വിവാഹബന്ധങ്ങൾ പോലും തകർന്നടിയുകയും ഏതു നിമിഷവും വേർപിരിയാം എന്ന അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു. വിവാഹംകഴിച്ച് ദുരന്തപൂർണമായ ജീവിതം നയിച്ച് പിന്നീട് വിവാഹ മോചനത്തിലേക്കെത്തുന്നതിലും എത്രയോ ഭേദമാണ് ലിവിങ് ടുഗെദർ എന്നാണ് ഇവരുടെ ആശയം. അതുകൊണ്ട് തന്നെ വിവാഹജീവിതത്തേക്കാൾ ഏറ്റവും നല്ലത് ലിവിങ് ടുഗദർ റിലേഷൻഷിപ്പ് ആണത്രേ. കോടതി മുറിയിൽ വിവാഹമോചനം കാത്തു നിൽക്കുന്നതിലും എന്തുകൊണ്ടും നല്ലത് എളുപ്പം വേർപിരിയുവാൻ കഴിയുന്ന ലിവിംഗ് ടുഗെദർ ബന്ധങ്ങളാണ് നല്ലതെന്ന് അഭിപ്രായമാണ് ഇങ്ങനെ ജീവിക്കുന്നവർക്ക് ഉള്ളത്. അസ്യസ്വരങ്ങൾ നേരിടുമ്പോൾ ഒന്നിച്ച് ജീവിക്കുന്നത് മതി എന്ന് തോന്നുമ്പോൾ എല്ലാം അവസാനിപ്പിക്കുവാൻ എളുപ്പമാണ്. നീയമത്തിന്റെ നൂലമാലകളിൽ കുടുങ്ങി ജീവിതം കോടതിയുടെ നാലു മുറികളിൽ ഹോമിക്കേണ്ടതില്ല ഗുഡ് ബൈ പറഞ്ഞ് വേഗം വേർപിരിയാം. ഒന്നിട്ട് ജീവിക്കുന്ന ഇരുവർക്കും കൃത്യമായ തീരുമാനം എടുക്കാനാവുന്നതിനാൽ ലിവിംഗ് ടുഗെദറിൽ പ്രശ്നങ്ങൾക്ക് സാധ്യതയില്ല എന്നതുമാണ് ഇത്തരം ബന്ധങ്ങൾക്ക് ആധുനീക സമൂഹത്തെ പ്രേരിപ്പിക്കുന്നത്.

ലിവിംഗ് ടുഗദർ സംസ്കാരത്തിന് പ്രേരിപ്പിക്കുന്ന മറ്റൊരു ഘടകം അടിസ്ഥാനപരമായി ലൈംഗീകതയാണ്. ഒരു വ്യക്തിക്ക് എതിർലിംഗത്തിൽപെട്ടതോ സ്വന്തം ലിംഗത്തിൽപെട്ടതോ ആയ വ്യക്തികളോട് തോന്നുന്ന മാനസികമായതോ ശാരീരികമായതോ ഇവ രണ്ടും ചേർന്നതോ ആയ ആകർഷണമാണ് ലൈംഗികചായ്‌വ്. എതിർവർഗ ലൈംഗികത, സ്വവർഗലൈംഗികത, ഉഭയലൈംഗികത, നിർലൈംഗികത എന്നിങ്ങനെ വകഭേദങ്ങളുള്ള ലൈംഗികചായ്‌വ് ലൈംഗീകതയുമായി അടുത്തബന്ധമുള്ളതുമാണ്. ഒരാളുടെ ലൈംഗികത അഥവാ ലൈംഗികചായ്‌വ് എങ്ങനെ ഉടലെടുക്കുന്നു എന്നതിനെപ്പറ്റി ശാസ്ത്രലോകത്ത് ഒരു പൊതു അഭിപ്രായം നിലനില്ക്കുന്നില്ലെങ്കിലും ലൈംഗികത പ്രകൃതിജന്യ പാരിസ്ഥിതികകാരണങ്ങൾ മൂലമോ ഉണ്ടാവാം എന്നാണ്. മനുഷ്യമസ്തിഷ്കത്തിലെ മീഡിയൽ ടെംപോറൽ ലോബിൽ ദോഷകരമായ മാറ്റങ്ങൾ മൂലം ബാധിക്കുന്ന അധിക ലൈംഗിക തല്പരത ആണ് ഇതിനു കാരണം എന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അതിന്റെ പരിണിത ഫലമായി ഉല്പത്തി പുസ്തകത്തിൽ കാണുന്നതു പോലെ തങ്ങൾക്ക് ബോധിച്ച ഏവരേയും ഭാര്യമാരായി എടുക്കുന്ന സംസ്കാരം. ലോകത്തിലെ പല സംസ്കാരങ്ങൾ ഒരോ സമയത്ത് വ്യത്യസ്ഥ രീതിയിലാണ് ഇതിനെ സമീപിച്ചിട്ടുള്ളത്. ചിലപ്പോൾ അംഗീകരിച്ചും ചിലപ്പോൾ ഖണ്ഡിച്ചും സമൂഹങ്ങൾ ഇതിനോട് പ്രതികരിച്ചിട്ടുണ്ട്. അബ്രഹാമിക മതങ്ങൾ പിന്തുടരുന്ന മതസ്ഥാപനങ്ങൾ പലതും ലിവിംഗ് ടുഗദറിനെ അസ്വീകാര്യമായി കാണുന്നു എന്നതാണ് സത്യം. ഇത്തരം ജീവിത രീതികൾ ഏക്കാലത്തും സമൂഹത്തിൽ അസ്വസ്ഥതകൾ ഉളവാക്കുന്നു എന്നതാണ് സത്യം. പലപ്പോഴും ഇത്തരം ബന്ധങ്ങൾക്ക് അധികം ആയുസ്സുണ്ടാകാറില്ല എന്നതാണ് സത്യം. അതിന് അനേകം ഉദാഹരണങ്ങൾ നമ്മുടെ സമൂഹത്തിൽ കാണുവാൻ കഴിയും. ഏറ്റവും പ്രധാനമായ പ്രശ്നം ഇവർക്ക് ജനിക്കുന്ന കുഞ്ഞുങ്ങളുടെ ഭാവിയാണ്. മാതാപിതാക്കൾ വഴി പിരിയുമ്പോൾ അനാഥമായി പോകുന്ന കുഞ്ഞുങ്ങൾ എന്തു ചെയ്യണം എന്നറിയാതെ വിഷണ്ണരായി മാറുന്നു. ശക്തമായ സാമൂഹിക കെട്ടുറപ്പിന് ഇത്തരം ജീവിത രീതികൾ ഇല്ലാതായെ മതിയാകു. 1 തെസ്സലോനിക്യർ 4: 3- 4 വാക്യങ്ങളിൽ പൗലോസ് ഇതിനെ ശക്തമായി എതിർക്കുന്നത് നാം വായിക്കുന്നു. ദൈവത്തെ ബഹുമാനിക്കാതെ ദൈവീക പ്രമാണങ്ങളോട് ആദരവ് പുലർത്താതെ പോകുന്നതെല്ലാം പൈശാചികമാണ്. അതിനാൽ തിരിച്ചറിയുക നോഹയുടെ കാലത്തെ പോൽ ദൈവത്തെ തള്ളിക്കളയുന്ന ഒരു തലമുറയല്ല നമുക്ക് ആവശ്യം. അതുകൊണ്ടാണ് ആ തലമുറയെ കുറിച്ച് പറഞ്ഞത് മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലം വാദിച്ച് കൊണ്ടിരിക്കുകയില്ല; അവൻ ജഡമല്ലോ എന്ന്. ഇതെല്ലാം തെളിയിക്കുന്നത് യേശുവരാൻ കാലമായി എന്നാണ്.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.